# എറണാകുളം ജില്ലാ പഞ്ചായത്ത്

(ISO 9001 – 2015 അംഗീകൃതം)

# ബജറ്റ് 2021-22

## സൂചിക



| ക്ര.നം. | മേഖല | പുറം |
|---|---|---|
| 1 | ധനകാര്യ വിശകലനം | 4-8 |
| 2 | കാർഷിക മേഖല | 9-24 |
| 3 | ക്ഷീരമേഖല | 25-26 |
| 4 | മത്സ്യമേഖല | 27-29 |
| 5 | വ്യവസായ മേഖല | 30-36 |

| | | |
|---|---|---|
| 6 | സ്ത്രീസുരക്ഷ | 37-41 |
| 7 | ശുചിത്വം | 42-43 |
| 8 | വിദ്യാഭ്യാസം | 44-45 |
| 9 | കായിക-യുവജനക്ഷേമം | 46-49 |
| 10 | സാമൂഹ്യനീതി | 50-55 |
| 11 | പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 56-59 |
| 12 | ആരോഗ്യ മേഖല | 60-61 |
| 13 | സദ്ഭരണം | 62-63 |
| 14 | പശ്ചാത്തല മേഖല | 64-65 |
| 15 | സംഗ്രഹം | 66 |
| 16 | ഉപസംഹാരം | 67-68 |
| 17 | നന്ദി | 69 |


# ആമുഖം

"it is Preached, flee from Sin; I would rather say, flee from Poverty, it is the gravest sin of all " – വിശന്നപ്പോൾ

അനുവാദം ചോദിക്കാതെകുറച്ചു ഭക്ഷണം എടുത്തു കഴിച്ചു എന്ന കാരണത്താൽ ആൾക്കൂട്ടം കെട്ടിയിട്ട് തല്ലിക്കൊന്ന ഒരു ചെറുപ്പക്കാര[333]ന്റെചിത്രം നീറ്റൽ ആയി ഇന്നും നമ്മുടെ മുൻപിലുണ്ട്."പാവങ്ങൾ" എന്ന നോവലിലെ ജീൻ വാൽജിനുംഇതേ കുറ്റത്തിന് ശിക്ഷിക്കപ്പെട്ടആളാണ്.ഇതെല്ലാം ഞാൻ തുടക്കത്തിൽ ഉദ്ധരിച്ച, 'ദാരിദ്ര്യം ആണ് ഏറ്റവും വലിയ പാപ' മെന്ന ജോർജ് ബർണാഡ് ഷാ യുടെവരികളെ ശരിവെക്കുന്നു. ദാരിദ്ര്യം എന്ന പാപത്തെ തുടച്ചു നീക്കുക ആയിരിക്കണം ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന ഏതൊരു പ്രവർത്തിയുടേയും ലക്ഷ്യം എന്നതാണ് ഈ ഭരണസമിതിയുടെ കാഴ്ചപ്പാട്.

ദാരിദ്ര്യം കേവലം പട്ടിണിയുടെയോ വിശപ്പിന്റെയോ നിർവചനത്തിൽ ഒതുങ്ങുന്ന ഒന്നല്ല. സുരക്ഷിതമായ പാർപ്പിടം ഇല്ലാത്തത്,കുടിവെള്ളം ഇല്ലാത്തത്,വൈദ്യുതി ഇല്ലാത്തത്,വഴി സൗകര്യം ഇല്ലാത്തത്,ആരോഗ്യം ഇല്ലാത്തത്,സുരക്ഷിതത്വം ഇല്ലാത്തത്,സാമൂഹ്യമായ പദവികളിൽ തുല്യത ഇല്ലാത്തത്,തുടങ്ങി

സാമ്പത്തികവുംസാമൂഹികവുമായ അനവധി സൂചകങ്ങളാണ് ദാരിദ്ര്യത്തെ ദ്യോതിപ്പിക്കുന്നത്.ദാരിദ്ര്യനിർമ്മാർജ്ജനം എന്ന ഈ ഭരണസമിതിയുടെ നിലപാട്ടറയിൽ ചവിട്ടി നിന്നുകൊണ്ട് ഈ വക പ്രശ്നങ്ങളിൽ സക്രിയമായിഇടപെടാൻ ഉതകുന്ന വികസന ക്ഷേമപ്രവർത്തനങ്ങൾ ആണ് ഞാൻ ജില്ലാ പഞ്ചായത്തി333sâപുതിയ ഭരണസമിതിയുടെ ആദ്യ ബജറ്റിൽ വിഭാവനം ചെയ്യുന്നത്.

കാർഷിക വ്യാവസായിക മേഖലകളിൽ പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചും സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗക്കാർ മുതലായ ദുർബല വിഭാഗങ്ങൾക്ക് പ്രയോജനകരമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തിയും നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഇടപെട്ടും ദാരിദ്ര്യം ലഘൂകരിക്കുന്നതിനുള്ള ശ്രമമാണ് ഈ ബജറ്റ്.

## **ധനാഗമന മാർഗ്ഗങ്ങൾ, സ്രോതസ്സുകൾ**

# വരവിനം

ദാരിദ്ര്യത്തിന് ഹേതുവാകുന്ന വിവിധ ഘടകങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള പദ്ധതികളെ കുറിച്ച് ചിന്തിക്കുമ്പോൾ അനേകം പ്രശ്ന മേഖലകളാണ് എൻറെ മുന്നിൽ തെളിഞ്ഞു വരുന്നത്. ജില്ല ഒട്ടാകെയുള്ളസങ്കീർണവും വിപുലവുമായ പ്രശ്നങ്ങളൊക്കെയും പരിഹരിക്കുക എന്നത് അസാധ്യമായ കാര്യം തന്നെയാണ് . വിവിധ കോണുകളിൽ നിന്നുംആയിരക്കണക്കിന് വികസന - ക്ഷേമ പദ്ധതി നിർദ്ദേശങ്ങൾ ആണ് ഉയർന്നു വരുന്നത്. ഇവ എല്ലാം തന്നെ അവശ്യം നടപ്പാക്കേണ്ടതുമാണ്. എന്നാൽ അത്യാവശ്യ പദ്ധതികൾ പോലും ഏറ്റെടുക്കുന്നതിനുള്ള പണം ജില്ലാ പഞ്ചായത്തിന് ലഭ്യമാവുന്നില്ല.പഞ്ചായത്തുകളെ പോലെ ഏതെങ്കിലും തരത്തിലുള്ള നികുതി പിരിക്കുവാൻ ജില്ലാ പഞ്ചായത്തിന് അധികാരമില്ല.ഭൂമി കൈമാറ്റത്തിൻമേൽലുള്ള സ്റ്റാമ്പ് ഡ്യൂട്ടിയിൽ 2% വർദ്ധനവ് വരുത്തി ജില്ലാ

പഞ്ചായത്തിന്നൽകണമെന്നനിർദ്ദേശം ഇന്നേവരെ അംഗീകരിക്കപ്പെട്ടിട്ടില്ല.തനതു വരുമാനത്തിന് യാതൊരുവിധ മാർഗവുമില്ലാത്ത ജില്ലാ പഞ്ചായത്ത് ആശ്രയിക്കുന്നത് പ്രധാനമായുംകേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന ഗ്രാന്റുകളെയാണ്.വിഭാവനം ചെയ്യുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ വിഭവസമാഹരണം നടത്തുന്നതിന് പുതിയ മാർഗ്ഗങ്ങൾ അവലംബിക്കുക എന്നതാണ് മികച്ച ധന മാനേജ് മെൻറിന്റെ അളവുകോൽ. പരിമിതികൾ ഏറെ ഉണ്ടെങ്കിലും അവയെക്കുറിച്ച് പരാതി പറഞ്ഞ് ഉത്തരവാദിത്തത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ അല്ല,പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാവശ്യമായ പണം കണ്ടെത്തുന്നതിന് പുതുവഴികൾ തേടുവാൻ ആണ് ഞാൻ ആഗ്രഹിക്കുന്നത്.ഇതിനായി ചില ദീർഘകാല, ഹ്രസ്വകാല പരിപാടികൾ ഈ ബജറ്റ് മുന്നോട്ടുവയ്ക്കുന്നു

ജില്ലാ പഞ്ചായത്തിൻറെ തനതു വരുമാനത്തിൽ മുഖ്യ പങ്കുവഹിക്കുന്നത് നമ്മുടെ വിവിധ ഫാമുകൾ ആണ്.പോയ വർഷം 3 കോടിയോളം

രൂപയാണ് ഫാമുകളിൽ നിന്നും നമുക്ക് ലഭിച്ചത്.മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമിച്ചും വൈവിധ്യവത്ക്കരണം നടപ്പാക്കിയുംബില്ലിങ്ങിന് പുതിയ സോഫ്റ്റ്വെയർ ഏർപ്പെടുത്തിവരുമാന, ചോർച്ച തടഞ്ഞും ഫാമുകളിൽ നിന്നുള്ള വരവ് ഗണ്യമായി വർദ്ധിപ്പിക്കുന്നതിനാണ് ശ്രമിക്കുന്നത്. അപ്രകാരം വിവിധ ഫാമുകളിൽ നിന്നും ഈ വർഷം **8 കോടി രൂപ** വരവ് പ്രതീക്ഷിക്കുന്നു.

നമ്മുടെ മറ്റൊരു വരുമാനം മാർഗ്ഗം പഞ്ചായത്ത് കോമ്പൗണ്ടിൽ ഉള്ള പ്രിയദർശിനി ഹാൾ വിവിധ പരിപാടികൾക്ക് നൽകുന്നതിലൂടെ ലഭിക്കുന്ന വാടകയാണ്. 2017-18 വർഷംഅറ്റകുറ്റപ്പണികൾ നടന്നതിനാലും 2018-19ൽ പ്രളയം വന്നതിനാലും 2019 - 20 ൽ കോവിഡ് വന്നതിനാലും ഈ ഇനത്തിൽ കാര്യമായ വരവ് ലഭിക്കുകയുണ്ടായില്ല.പണ്ട് നിശ്ചയിച്ചിരുന്ന വാടക തന്നെയാണ് ഇപ്പോഴും ഹാളിന് ഈടാക്കി വരുന്നത്. ഇത് കാലോചിതമായി പരിഷ്ക്കരിക്കുന്നതിനെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകുവാൻ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. ചുരുങ്ങിയത് 50 ശതമാനം വർധന സമിതി

ശുപാർശചെയ്യും എന്ന് കരുതുന്നു.ഇത്തരത്തിൽ വാടക ഉയരുന്നതു മൂലം ഈ വർഷം ഈ ഇനത്തിൽ **5 ലക്ഷം രൂപ** വരവ് പ്രതീക്ഷിക്കുന്നു.ഈ വരവ് കൊണ്ടൊന്നും നമ്മുടെ വികസന ആവശ്യങ്ങൾക്ക് മതിയായ പണം ലഭ്യമാവുകയില്ല.അതിനാൽ തനതു വരുമാനം കാര്യമായി വർദ്ധിപ്പിക്കുന്നതിനുള്ള ചില ദീർഘകാല പദ്ധതികൾ ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.ആസ്തി സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ഈ വർഷം ഏറ്റെടുത്ത്, വരുംകാലങ്ങളിൽ ഈ ആസ്തികളിൽ നിന്നുംവരുമാനം ലഭ്യമാക്കുക എന്ന ദീർഘകാല കാഴ്ചപ്പാടാണ് അത്.ആദ്യ രണ്ടുവർഷങ്ങളിൽ കാര്യമായ വരുമാനം ഉണ്ടായില്ലെങ്കിലും പിന്നീട് പഞ്ചായത്തിന് മെച്ചപ്പെട്ട ധനസ്ഥിതി പ്രദാനം ചെയ്യുവാൻ ഇതു വഴിയൊരുക്കും.

## ഈ വർഷം തനത് ഫണ്ടിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന വരവ്

# താഴെ പറയും പ്രകാരമാണ്

| ക്രമനമ്പർ | ഇനം | പ്രതീക്ഷിത വരുമാനം(രൂപയിൽ) |
|---|---|---|
| 1 | പ്രാരംഭ ബാക്കി | 9,78,96,182 |
| 2 | നികുതിയേതര വരുമാനം | 8,48,60,500 |
| 3 | ജനറൽ പർപ്പസ് ഫണ്ട് | 4,30,23,000 |
| 4 | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ | 20,00,00,000 |
| 5 | സംയുക്ത പദ്ധതിക്കുള്ള പഞ്ചായത്ത് വിഹിതം | 1,00,00,000 |
| 6 | സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് | 1,00,00,000 |
| 7 | മറ്റ് വരവുകൾ | 1,75,00,000 |

| | | |
|---|---|---|
| | **ആകെ** | **46,32,79,682** |

കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി മറികടക്കുന്നതിന് പ്രത്യേക സാമ്പത്തിക സഹായം പ്രതീക്ഷിച്ച നമുക്ക് സംസ്ഥാന സർക്കാർ 2021-22 വർഷത്തെ ബജറ്റിൽ വലിയ ഇരുട്ടടി ആണ് നൽകിയിരിക്കുന്നത്.വികസന ഫണ്ടിൽകുറവ് വരുത്തിയതോടൊപ്പം, മെയിൻറനൻസ് ഫണ്ടിനത്തിൽ ലഭ്യമാവുന്ന തുക നാമമാത്രമാക്കുകയും ചെയ്തു. എങ്കിലും ഇതിനെതിരെ വ്യാപകമായ പ്രതിഷേധം ഉയർന്ന സാഹചര്യത്തിൽ മുൻവർഷത്തെ അതേ തുകയോ അതിൽ അല്പം അധികരിച്ച തുകയോ സർക്കാരിൽനിന്നും ലഭിച്ചേക്കും എന്നാണ് അറിയുന്നത്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻറ് എത്ര രൂപ അനുവദിക്കും എന്ന് നാളിതുവരെ വ്യക്തമാക്കിയിട്ടില്ലെങ്കിലും കഴിഞ്ഞ വർഷം ലഭിച്ച അതേ തുക തന്നെ ഈ വർഷവും ലഭിക്കുമെന്ന് കരുതുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ഈ വർഷം പ്രതീക്ഷിക്കുന്ന ഫണ്ടുകൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഇനം | പ്രതീക്ഷിത വരുമാനം (രൂപയിൽ) |
|---|---|---|
| 1 | വികസന ഫണ്ട് – ജനറൽ | 28,85,49,000 |
| 2 | വികസന ഫണ്ട് – എസ്.സി.പി. | 15,41,73,000 |
| 3 | വികസന ഫണ്ട് – റ്റി.എസ്.പി. | 63,86,000 |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 14,87,60,000 |
| 5 | മെയിൻറനൻസ് ഫണ്ട് – റോഡ് | 64,51,15,000 |
| 6 | മെയിൻറനൻസ് ഫണ്ട് – നോൺറോഡ് | 10,15,15,000 |

| | | |
|---|---|---|
| | **ആകെ** | **1,34,44,98,000** |

## <u>വരവുകൾ – സംഗ്രഹം</u>

**കേന്ദ്ര – സംസ്ഥാന ഗ്രാൻറ് –**

**134,44,98,000**

**തനത് ഫണ്ട് – 46,32,79,682**

**ആകെ വരവ് – 180,77,77,682**

# <u>ധനവിനിയോഗം</u>

പരിമിതമായ വരവിൽ ഒതുങ്ങി നിന്നുകൊണ്ട് ദാരിദ്ര്യ നിർമാർജനത്തിന് ഉതകുന്ന ഏറ്റവും ഫലപ്രദമായ പദ്ധതികൾ ഏറ്റെടുക്കുക എന്ന വലിയ

വെല്ലുവിളിയാണ് എ$^{333}$sâ മുൻപിൽ ഉള്ളത്.വിവിധ ഭാഗങ്ങളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള നിരവധിയായ ആവശ്യങ്ങളിൽ ഫലപ്രദമായവ മുൻഗണന നൽകി മിതവ്യയത്തിലൂടെയും കാര്യക്ഷമമായ നടത്തിപ്പിലൂടെയുംഫലപ്രദമായി നടപ്പിലാക്കി ലക്ഷ്യം കൈവരിക്കുക എന്ന നയത്തോടെ ഒരു മിച്ച ബജറ്റാണ് എറണാകുളം ജില്ലയ്ക്കു വേണ്ടി ഞാൻ മുന്നോട്ട് വെക്കുന്നത്.

# ചെലവുകൾ

## സംഗ്രഹം

| | |
|---|---|
| ജനപ്രതിനിധികളുടെ ഓണറേറിയം യാത്രാപ്പടി, മറ്റ് ആനുകൂല്യങ്ങൾ | 40,50,000 |
| ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും | 2,37,30,623 |
| മറ്റ് ഭരണ, ഓഫീസ് | 7,20,000 |

| | |
|---|---|
| ചെലവുകൾ | |
| ജനകീയാസൂത്രണ പദ്ധതി ചെലവുകൾ | 1,73,79,11,600 |
| മറ്റുള്ളവ | 59,15,000 |
| **ആകെ ചെലവ്** | **176,82,77,223** |

# കാർഷിക മേഖല

കാർഷികമേഖലയെ ഒഴിവാക്കിക്കൊണ്ട് നമുക്ക് ദാരിദ്ര്യനിർമാർജനത്തെക്കുറിച്ച് ചിന്തിക്കുവാൻ കഴിയില്ല. കാടത്തത്തിൽ നിന്നും സംസ്കൃതിയിലേക്കുള്ള മനുഷ്യ333sâപരിണാമം ആരംഭിക്കുന്നത് ഫലഭൂയിഷ്ടമായ മണ്ണ് തേടിയുള്ള അവ333sâയാത്രയിലാണ്.വളക്കൂറുള്ള മണ്ണും അനുകൂല കാലാവസ്ഥയും മലയാളിയുടെ ജീവിതത്തെയും കൃഷിയുമായി ബന്ധിപ്പിച്ചു നിർത്തുന്നു.നമ്മുടേത് ഒരു കാർഷിക സംസ്കാരം തന്നെയാണ്.

*“മലയിലുമാഴിയിലും മാറ്റൊലി തുള്ളുമ്പോൾ*
*കരളു നിറഞ്ഞോമൽ കൈരളി പാടുന്നു*
*നാടാം നാടെല്ലാം നന്മകൾ വിളയിക്കും*
*വിത്തും വിഘ്നത്തിൽ കൊത്തും കൈക്കോട്ടും ”*

ഇങ്ങനെ മണ്ണിൽ പൊന്നുവിളയിക്കുന്ന കർഷകന്റെ മാഹാത്മ്യം കണ്ടറിഞ്ഞാണ് ലാൽ ബഹദൂർ ശാസ്ത്രി, ‘ജയ് കിസാൻ ജയ് ജവാൻ’ എന്ന് ആവേശമുദ്രാവാക്യം മുഴക്കിയത്. പക്ഷേ നമ്മെ അന്നമൂട്ടുന്ന കർഷകർ അങ്ങു ഡൽഹിയിൽ കടുത്ത തണുപ്പിലും സമരച്ചൂടിലാണ്. കുടിവെള്ളം പോലും നിഷേധിച്ച് കേന്ദ്ര സർക്കാർ അവരെ ബന്ധവസ്സാക്കിയിരിക്കുന്നു.

മുടക്കുന്ന മുതലിനും അധ്വാനത്തിനുംപ്രതിഫലം ലഭിക്കാതെ കടക്കെണിയിൽ ആകുന്ന കർഷകർ ആത്മഹത്യ ചെയ്യുന്നത് പതിവായിരിക്കുന്നു.സമൂഹത്തിന് ഏറ്റവും വലിയ നന്മ ചെയ്യുന്ന കർഷകരെ വേണ്ടവിധത്തിൽ സഹായിക്കേണ്ടത് ജനോന്മുഖമായ ഒരു

ഭരണസമിതിയുടെ കർത്തവ്യമാണ്.നമ്മുടെ ഉത്പാദനമേഖല വികസിച്ചു എങ്കിൽ മാത്രമേ ദാരിദ്ര്യം നിർമാർജനം ചെയ്യാൻ കഴിയൂ. അതുകൊണ്ട് ഈ ബജറ്റിൽ ഏറ്റവും കൂടുതൽ തുക നീക്കിവെക്കുന്നത് കാർഷിക മേഖലയ്ക്ക് ആണ്.

# സമഗ്ര കാർഷികോത്പാദന പാക്കേജ്

## കേര ഗ്രാമം

നമ്മുടെ വിളകളിൽ ഏറ്റവും പ്രമുഖമായ സ്ഥാനം നാളികേരത്തിനാണ്.കേരളം എന്ന വാക്കുതന്നെ 'കേരത്തിന്റെ നാട്' എന്ന അർത്ഥത്തിൽ ഉണ്ടായതാണ്. തെങ്ങ് മലയാളിയുടെ ജീവിതവുമായി ഇഴചേർന്നു നിൽക്കുന്ന കൽപ വൃക്ഷമാണ്. ചമ്മന്തി മുതൽ അവിൽ നനച്ചതു വരെ എല്ലാത്തിലും നാം തേങ്ങ ഉപയോഗിക്കുന്നു. തേങ്ങ മാത്രമല്ല തെങ്ങിന്റെ ഓരോ ഭാഗങ്ങളും പല വിധത്തിൽ ഉപയോഗപ്രദമാണ്. എന്നാൽ തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ മൂലവും തേങ്ങ ഉൽപാദനത്തിൽ ഉണ്ടാകുന്ന കുറവു മൂലവും

കേര കർഷകർ കടുത്ത പ്രതിസന്ധിയിലാണ്.നാളികേര കൃഷിക്കായി കേരള സർക്കാരിന്റെ ഒരു പ്രത്യേക പദ്ധതി നടന്നുവരുന്നുണ്ട്.ഇതിനു സമാനമായി 'കേരഗ്രാമം' എന്ന പേരിൽ തെങ്ങു കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 1 കോടി രൂപയുടെ ഒരു സമഗ്രബഹുവർഷ പദ്ധതി ഏറ്റെടുക്കുന്നു. ഇതിനായി ഈ വർഷം **25 ലക്ഷം രൂപ** വകയിരുത്തുന്നു.

ഒരു വർഷം, ഒരു ഡിവിഷനിൽ, ഒരു പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും തെങ്ങിൻ തൈ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. അങ്ങനെ മൂന്നുവർഷംകൊണ്ട് ജില്ലയിലെ പഞ്ചായത്ത് നിവാസികളായ മുഴുവൻ പേർക്കും 5 തെങ്ങിൻ തൈ വീതം വിതരണം ചെയ്യുന്നു. അതോടൊപ്പം അതിന് ആവശ്യമായ വളങ്ങളും നൽകുന്നു.

നാളികേര വികസന ബോർഡി333sâസഹായത്തോടെ വിത്തുതേങ്ങകൾ ജില്ലാ പഞ്ചായത്ത് വാങ്ങുന്നു.ഈ വിത്തുതേങ്ങകൾ ജില്ലാ പഞ്ചായത്ത് ഫാമുകളിൽ പാകി പദ്ധതിക്ക് ആവശ്യമായ തെങ്ങിൻ തൈകൾ

ഉൽപ്പാദിപ്പിക്കുന്നു.തെങ്ങിൻതൈകൾക്ക് കർഷകരിൽ നിന്നും നിശ്ചിത വില ഈടാക്കാൻ സാധിക്കുന്നത് മൂലം തുടർവർഷങ്ങളിൽ വിത്തു തേങ്ങവാങ്ങുന്നതിന് ആവശ്യമായ പണം ലഭിക്കുന്നതാണ്.അഞ്ചുവർഷം കൊണ്ട് അഞ്ചുലക്ഷത്തോളം തെങ്ങിൻ തൈകളാണ് ഈ പദ്ധതി വഴി വിതരണം ചെയ്യുക.ഇതിലൂടെ 50 ലക്ഷത്തിൽപരം തേങ്ങ അധികമായി ഉൽപ്പാദിപ്പിക്കുവാൻ കഴിയും. വിത്തുതേങ്ങ പാകിയാൽ ഏകദേശം ഒന്നര വർഷം കൊണ്ടാണ് പാകം ആവുക.അതിനാൽ ഒട്ടും താമസിയാതെ വിത്തുതേങ്ങകൾ സംഭരിച്ച് പാകിയാൽ മാത്രമേ ഈ ഭരണ സമിതിയുടെ കാലയളവിനുള്ളിൽ പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുക.

## സുഗന്ധ ഗ്രാമം – സമഗ്ര ജാതി കൃഷി

എറണാകുളം ജില്ലയിൽ വ്യാപകമായി ജാതി കൃഷി ചെയ്തു വരുന്നു.വിദേശ സ്വദേശ വിപണിയിൽ ഏറെ പ്രിയമുള്ള സുഗന്ധ വിളയാണ് ജാതി.കേരഗ്രാമം

നാളികേര വികസനപദ്ധതി പോലെ തന്നെ സമഗ്രമായ ഒരു പദ്ധതിയാണ് സുഗന്ധ ഗ്രാമത്തിലുംആവിഷ്ക്കരിക്കുന്നത്. ജില്ലയിലെ മുഴുവൻ കർഷകർക്കും അഞ്ചുവീതം ജാതി തൈകളും അതിന് അനുയോജ്യമായ വളങ്ങളും നൽകുന്ന പദ്ധതിയാണിത്.ആവശ്യമായ തൈകൾ നമ്മുടെ സ്വന്തം ഫാമുകളിൽ ഉൽപ്പാദിപ്പിക്കുവാൻ ആണ് ഉദ്ദേശിക്കുന്നത്.ജാതി ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുവാനും അതുവഴി കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുവാനും ഈ പദ്ധതി സഹായകമാകും. ഈ ബഹുവർഷ പദ്ധതിക്ക് 1 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിനായി**25 ലക്ഷം രൂപ**ഈ വർഷം വകയിരുത്തുന്നു.

## പൈനാപ്പിൾ ഗ്രാമം

പോഷക സമൃദ്ധവും സ്വാദിഷ്ടവുമായ പൈനാപ്പിൾ നമ്മുടെ ജില്ലയുടെ കിഴക്കൻ പ്രദേശത്ത് ധാരാളമായി കൃഷി ചെയ്തു വരുന്നു. സ്കാഷ്, ജ്യൂസ്, ജാം, ഹൽവ, കേക്ക്, പുഡിംഗ്, തുടങ്ങിയ സ്വാദിഷ്ടമായ ധാരാളം വിഭവങ്ങൾ പൈനാപ്പിളിൽ

നിന്നും ഉണ്ടാക്കുവാൻ കഴിയും. എന്നാൽ പൈനാപ്പിൾ കർഷകർ ഇന്ന് കൊയ്തെടുക്കുന്നത് കണ്ണുനീരാണ്. ഭക്ഷണ ദൌർലഭ്യം അനുഭവപ്പെട്ട കോവിഡ് കാലത്തു പോലും വഴിയരികിൽ നിസ്സാര വിലയ്ക്ക് പൈനാപ്പിൾ വിൽക്കുന്നത് പതിവു കാഴ്ചയായിരുന്നു. പൈനാപ്പിളിന് വിളവിനനുസരിച്ച് വിപണി ഇല്ലാത്തതാണ് ഈ ദുരവസ്ഥയ്ക്ക് കാരണം. പൈനാപ്പിൾ സിറ്റി എന്നറിയപ്പെടുന്ന വാഴക്കുളത്ത് പൈനാപ്പിൾ മാർക്കറ്റ് നിലവിലുണ്ടെങ്കിലും അതിൻറെ അവസ്ഥ പരിതാപകരമാണ്. ഈ മാർക്കറ്റിനെ അന്താരാഷ്ട്ര നിലവാരമുള്ള ആധുനിക പൈനാപ്പിൾ സംഭരണ സംസ്കരണ കേന്ദ്രം ആക്കുന്ന സമഗ്ര പദ്ധതി ആവിഷ്കരിക്കുന്നു.സംസ്ഥാന കൃഷിവകുപ്പ് ഭക്ഷ്യസുരക്ഷാ വകുപ്പ് കൃഷിക്കാരുടെ സംഘങ്ങൾ വ്യാപാരി സംഘടനകൾ സഹകരണസ്ഥാപനങ്ങൾ ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ തുടങ്ങിയ എല്ലാ സംവിധാനങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് പൈനാപ്പിളിൽ നിന്നും വൈവിധ്യപൂർണ്ണമായമൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

നിർമ്മിക്കുന്നതിനും സംസ്കരിക്കുന്നതിനും സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ഹൈടെക്ക് നിലവാരത്തിലുള്ള ആധുനിക സംവിധാനങ്ങൾ ഈ ഭരണസമിതിയുടെ കാലഘട്ടത്തിൽ വാഴക്കുളം പൈനാപ്പിൾ മാർക്കറ്റിൽ ഏർപ്പെടുത്തും. ഇതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് **1 ലക്ഷം രൂപ** മാറ്റി വെയ്ക്കുന്നു.

## പൊൻകതിർ - സമഗ്ര നെൽകൃഷി വികസന പദ്ധതി

"കെട്ടിയ മുടി കച്ചയാൽ മൂടി
ചുറ്റിയ തുണി ചായ്ച്ചൊന്നു കുത്തി
വെറ്റില ചവച്ചുന്മാദമോളംവെട്ടിടും
അരി വാളുകളേന്തി
വന്ദിച്ചാനമ്ര മെയ്യോടെ നിൽപ്പൂ
കന്നിപ്പാടത്ത് കൊയ്ത്തുകാർ നീളെ "

നീളെ പച്ചപിടിച്ച് കിടക്കുന്ന പാടങ്ങളും പാടവരമ്പുകളും വല്ലാത്തൊരു വശ്യതയാണ്

കൈരളിക്ക് നൽകുന്നത്.എന്നാൽ മാറിയ ജീവിതശൈലിയും തൊഴിൽ സംസ്കാരവും മൂലം നെൽകൃഷി നാമമാത്രമായി.നമ്മുടെ മുഖ്യ ആഹാരമായ അരി ഉത്പാദനത്തിൽനാം പിന്നാക്കം പോയി എന്നതുമാത്രമല്ല പ്രകൃതിയുടെസന്തുലനാവസ്ഥ തകരുന്നതിനും ജലത്തിന്റെലഭ്യത കുറയുന്നതിനും ഇത് കാരണമായി.നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി ആനുകൂല്യങ്ങൾ ഇന്നു കർഷകർക്ക് നൽകുന്നുണ്ട്. 2008ലെ നെൽവയൽ വയൽ തണ്ണീർത്തട നിയമം നെൽവയലുകൾ നികത്തുന്നത് വിലക്കുന്നു.എങ്കിലും ഇന്നും ധാരാളം പാടശേഖരങ്ങൾ തരിശു കിടക്കുകയാണ്.നെൽകൃഷിക്ക് അനുകൂലമായ ഒരു മനോഭാവം കർഷകരുടെ ഇടയിൽ വളർന്നു വരുന്നു എന്നത് സന്തോഷകരമാണ്.കൃഷി ചെയ്യുവാൻ തയ്യാറാകുന്നകർഷകർക്ക് പരമാവധി ആനുകൂല്യങ്ങൾ നൽകി കൃഷി ലാഭകരം ആക്കുക അതുവഴി എറണാകുളം ജില്ലയെ

തരിശുരഹിതമാക്കുക എന്നതാണ് ഈ ഭരണസമിതിയുടെ ലക്ഷ്യം.

## തോട്ടറ പുഞ്ച – എറണാകുളം ജില്ലയുടെ നെല്ലറ

എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ആമ്പല്ലൂർ പഞ്ചായത്തുകളിലും കോട്ടയം ജില്ലയിലുമായി പരന്നുകിടക്കുന്ന 1500ഓളം ഹെക്ടർ കൃഷിഭൂമിയാണ് തോട്ടറ പുഞ്ച. ജലസേചന വകുപ്പ്, ഭൂവികസന വകുപ്പ്, സംസ്ഥാന വിദ്യുത്ച്ഛക്തി ബോർഡ്, കൃഷിവകുപ്പ്, ഗ്രാമ പഞ്ചായത്തുകൾ, ജില്ലാ ഭരണകൂടം എന്നിവയുടെ നേതൃതത്തിൽ 653 ഹെക്ടറോളം പാടം കൃഷി യോഗ്യമാക്കി അവിടെ കാർഷിക വിപ്ലവം തന്നെ സൃഷ്ടിച്ചിരിക്കുകയാണ്. 1500ഓളം മെട്രിക് നെൽവയൽ ആണ് ഇവരുടെ കൂട്ടായ പരിശ്രമത്തിലൂടെ കൃഷിയോഗ്യമാക്കുവാൻ കഴിഞ്ഞത്. ഇനിയും കൂടുതൽ വയലുകൾ നെൽകൃഷിയിലേക്ക് കൊണ്ടുവരേണ്ടതായിട്ടുണ്ട്. ഇതിനായി സ്ളൂയിസുകളും കാനകളും നിർമ്മിക്കേണ്ടത് ആവശ്യമാണ്. ഈ ഉദ്യമത്തിൽ

ജില്ലാ പഞ്ചായത്തും കൈകോർക്കുകയാണ്.ഇതിനായി **10 ലക്ഷം രൂപ**വകയിരുത്തുന്നു.

## <u>പൊലിയേ .... പൊലി – പൊക്കാളി നെൽപ്പാടങ്ങൾ സംരക്ഷണം</u>

ജില്ലയിലെ പടിഞ്ഞാറൻ തീരപ്രദേശങ്ങളിലെ പൊക്കാളി പാടങ്ങളിൽ ഓരു വെള്ളംകയറുന്നത് കൃഷിയുടെ നാശത്തിന് വഴി വയ്ക്കുന്നു. പൊക്കാളി പാടശേഖരങ്ങളിൽ കടലിൽനിന്നും ഓരുവെള്ളം കയറുന്നത് തടയുന്നതിന് കേരള സ്റ്റേറ്റ് കോസ്റ്റൽ ഡെവലപ്മെന്റ് അതോറിറ്റിയുമായി ചേർന്ന് സ്ലൂയിസ് നിർമ്മിക്കുന്നപദ്ധതികൾക്കായി ജില്ലാ പഞ്ചായത്തിന്റെ വിഹിതമായി **10 ലക്ഷം** രൂപ മാറ്റി വെയ്ക്കുന്നു.

## <u>തീര സമൃദ്ധി – ഒരു നെല്ലും ചെമ്മീനും പദ്ധതി</u>

തീരദേശ ഡിവിഷനുകളിൽ നെല്ലിനൊപ്പം ചെമ്മീൻ കൃഷി ചെയ്യുന്നതിന് മുൻ ഭരണസമിതി നടപ്പാക്കിയ തീര സമൃദ്ധി, ഒരു നെല്ലും മീനും പദ്ധതി ഏറെ വിജയകരമായിരുന്നു. തീരമേഖലയിലെ പാടശേഖരങ്ങളിൽ പൊക്കാളി കൃഷി ആണ് ചെയ്തു വരുന്നത്. ഏപ്രിൽ മാസത്തിൽ വിതച്ച് നവംബർ മാസത്തിൽ കൊയ്യുന്ന കാർഷിക കലണ്ടറാണ് ആ ഭാഗങ്ങളിൽ അനുവർത്തിക്കുന്നത്. വിളവെടുപ്പിന് ശേഷമുള്ള ഡിസംബർ മുതൽ മാർച്ച് വരെയുള്ള കാലങ്ങളിൽ ഈ പാടശേഖരങ്ങളിൽ തന്നെ ചെമ്മീൻ കൃഷി ചെയ്യുന്നു. ഇതുവഴി കർഷകർക്ക് അധിക വരുമാനം ലഭ്യമാകും. കൂടാതെ വിദേശ സ്വദേശ വിപണിയിൽ ആവശ്യമേറെയുള്ള ചെമ്മീൻ ലഭ്യതയും വർദ്ധിക്കും. ഇങ്ങനെ നെല്ലിനൊപ്പം ചെമ്മീൻ കൃഷി ചെയ്യുന്നതിനും ആവശ്യമായ സഹായം ഉറപ്പാക്കുന്ന പദ്ധതിയാണിത്. ഉപഭോക്താക്കളിൽ നിന്നും ഉപഭോക്തൃ വിഹിതം സ്വീകരിച്ചുകൊണ്ട് ചെലവിൻറെ 50 ശതമാനം സബ്സിഡി - ഹെക്ടറൊന്നിന് പരമാവധി **3 ലക്ഷം രൂപ**

നൽകുന്ന ഈ പദ്ധതിയ്ക്ക് **50 ലക്ഷം രൂപ** നീക്കി വയ്ക്കുന്നു.

**നെൽകൃഷികൂലിച്ചെലവ് സബ്സിഡി**

നെൽകൃഷിയോട് കർഷകർ വിമുഖത കാട്ടുന്നതിന് പ്രധാന കാരണമായി പറയുന്നത് വർദ്ധിച്ച കൂലി ചെലവാണ്. ഇതിന് സമാശ്വാസം എന്ന നിലയിൽ ഏറ്റെടുക്കുന്ന പദ്ധതിയാണിത്. വിളവിന് അനുസൃതമായി ഹെക്ടറിന് 17000/- രൂപ വരെകൂലിച്ചെലവ് ഇനത്തിൽ സബ്സിഡി നൽകുവാൻ കഴിയും. ഇതിൽ ഗ്രാമ ബ്ളോക്ക് ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി നടത്തുന്ന ഈ പദ്ധതിയ്ക്ക് ജില്ലാ പഞ്ചായത്ത് വിഹിതം നൽകുന്നതിന് **1 കോടി രൂപ** മാറ്റി വയ്ക്കുന്നു.

**ആധുനിക റൈസ് മിൽ**

ഫാമുകളിൽ ഉൽപ്പാദിപ്പിക്കുന്ന അപൂർവ്വ നെല്ലിനങ്ങൾ തവിട് നഷ്ടപ്പെടുത്താതെ കുത്തി അരിയാക്കിബ്രാൻഡ് ചെയ്തു പാക്കറ്റുകളിലാക്കി നൽകിയാൽ ഗുണമേന്മയുള്ളതും മായം കലരാത്തതുമായ അരി മിതമായ വിലയ്ക്ക് മാർക്കറ്റിൽ നൽകുവാൻ കഴിയും.കുടുംബശ്രീ മുതലായ സംവിധാനങ്ങളിലൂടെ ആവശ്യമായ പ്രചാരണം നൽകിയാൽ ചുരുങ്ങിയ കാലത്തിനുള്ളിൽ ഈ അരിക്ക് നല്ല വിപണി കണ്ടെത്താനാവും.താൽപര്യമുള്ള കർഷകർക്കും ഇതിലേയ്ക്ക് നെല്ല് വിലയ്ക്കു നൽകാവുന്നതാണ്. ജില്ലയിൽ ഇത്തരത്തിലുള്ള മില്ലുകളുടെ അഭാവം മൂലം കർഷകർ നെല്ല് അരിയാക്കി മാറ്റുന്നതിന് അയൽ ജില്ലകളെ ആശ്രയിക്കുന്നു. കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് മിതമായ നിരക്കിൽ ഈ മില്ലിൽ കുത്തി നൽകുവാനുള്ള സൌകര്യമൊരുക്കും. വിശ്വാസയോഗ്യമായ അരി വിപണിയിൽ നൽകുന്നതു വഴി ജില്ലാ പഞ്ചായത്തിന് നല്ല വരുമാനം ലഭിക്കുവാൻ ഈ പദ്ധതി സഹായകരമാകും. കുറഞ്ഞത് പത്തു പേർക്ക് നേരിൽ സ്ഥിരം തൊഴിൽ

ലഭിക്കുന്നതിനും ധാരാളം പേർക്ക് പരോക്ഷമായി തൊഴിൽ ലഭിക്കുന്നതിനും ഈ പദ്ധതി ഉപകരിക്കും. ഇതിനായി മികച്ച സംവിധാനങ്ങളുള്ള ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കും **50ലക്ഷം രൂപ** നൽകുന്നു.

## ഫാമുകളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കൽ

ജില്ലാ പഞ്ചായത്തിന് കീഴിൽ 5 ഫാമുകൾ ആണുള്ളത്. ഇതിൽ അങ്കമാലിയിലേതൊഴികെ എല്ലാം കൃഷി ഫാമുകൾ ആണ്.ആരംഭത്തിൽ സൂചിപ്പിച്ചതുപോലെ ജില്ലാ പഞ്ചായത്ത് തനതു വരുമാനത്തിൽ ഗണ്യമായ പങ്കു വഹിക്കുന്നത് ഈ ഫാമുകൾ ആണ്. ഫാമുകളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ആധുനീകരിക്കുന്നതിനുംമൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുംയന്ത്ര വൽക്കരണത്തിനുംജലസേചനസൗകര്യം ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമാണ് ഈ ബജറ്റിൽ ഊന്നൽ

നൽകുന്നത്. വൈറ്റിലയിലുള്ള കോക്കനട്ട് നഴ്സറി, ഒക്കൽ വിത്തുല്പാദന കേന്ദ്രം, ആലുവ സംസ്ഥാന വിത്തുല്പാദന കേന്ദ്രം, നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം, അങ്കമാലി റാബിറ്റ് ഫാം എന്നിവയാണ് ജില്ലാ പഞ്ചായത്തിന് കീഴിലുള്ളഫാമുകൾ.

## വൈറ്റില കോക്കനട്ട് നഴ്സറി

ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വൈറ്റിലയിൽ ഉള്ള തെങ്ങ് നഴ്സറി ചുരുങ്ങിയ സ്ഥല പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടു മികച്ച നിലയിൽ ഉള്ള പ്രവർത്തനങ്ങൾ കാഴ്ച വച്ചു പോരുന്നു. വൈറ്റിലയിലെ മൊബിലിറ്റി ഹബ്ബിന് വേണ്ടി ഏറ്റെടുത്തിട്ടുള്ള വൈറ്റില ഫാമിന്റെ കൃഷിസ്ഥലത്തിന് പകരമായി വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന കൃഷിഭൂമി ഇന്നുവരെയും സംസ്ഥാന സർക്കാർജില്ലാ പഞ്ചായത്തിന് വിട്ടു നൽകിയിട്ടില്ല. ടി ഭൂമി ലഭിക്കുന്നതിനുള്ള അശ്രാന്ത പരിശ്രമം ജില്ലാ പഞ്ചായത്ത് നടത്തിവരുന്നു.ഭൂമി ലഭിക്കുന്ന മുറയ്ക്ക് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഫണ്ട് കണ്ടെത്തും. അവിടെ

ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും താഴെ പറയും വിധം ഫണ്ട് വകയിരുത്തുന്നു.

| | | |
|---|---|---|
| കയർപിത്ത് നിർമ്മാണം | – | 25 ലക്ഷം |
| ഇൻപുട്ട് സ്റ്റോർ നിർമ്മാണം | – | 25 ലക്ഷം |
| DxT നഴ്സറി ഫെൻസിംഗ് | – | 10 ലക്ഷം |
| ടില്ലർ | – | 60000 |
| പച്ചക്കറി ഇനങ്ങളുടെ ഉത്പാദനവും വിപണനവും | – | 5 ലക്ഷം |

**<u>ഒക്കൽ വിത്തുല്പാദന കേന്ദ്രം – മെച്ചപ്പെട്ട നെൽവിത്തുകൾ</u>**

നെൽകൃഷി വ്യാപിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി നെൽവിത്തുകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായിട്ടുള്ള സംസ്ഥാന വിത്തുല്പാദന കേന്ദ്രമായി പ്രവർത്തിക്കുന്ന ഒക്കൽ ഫാം വൈവിധ്യവൽക്കരണത്തിന്റെ

പാതയിലാണ്.എംജി റോഡിൽ സ്ഥിതി ചെയ്യുന്ന ഒക്കൽ കൃഷി ഫാമിൽ ഫാം ടൂറിസവുമായി ബന്ധപ്പെടുത്തിക്കൊണ്ട് കൂടുതൽ വരുമാനം നേടിത്തരുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. കൃഷിക്ക് അനുയോജ്യമായ സ്ഥലം പരമാവധി ഉപയോഗിക്കുന്നതിനു വേണ്ടിയുള്ള ജലസേചന മാർഗങ്ങൾ ഏർപ്പെടുത്തുന്നതിന് ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കും. ആവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങി നൽകും. ഒക്കൽ ഫാമിലേക്കുള്ള പ്രവേശനകവാടത്തിൽ സെയിൽസ് കൗണ്ടർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ വർഷം പൂർത്തീകരിക്കും. ആധുനിക കൃഷി സമ്പ്രദായങ്ങൾ സ്വീകരിച്ച് നിലവിലുള്ള ജീവനക്കാരുടെ കർമ്മശേഷിയെ പൂർണ്ണ തോതിൽ പ്രയോജനപ്പെടുത്തി ചുരുങ്ങിയ സ്ഥലത്ത് കൂടുതൽ വിളകൾ ഉൽപാദിപ്പിച്ച് ഒരു മാതൃക സൃഷ്ടിക്കുന്നതിനുള്ള പരിപാടികൾക്ക് ആവശ്യമായ മുഴുവൻ തുകയും ഈ വർഷം നൽകും.

തൊഴിലാളികൾക്കുള്ള ടോയ്ലറ്റ്, റസ്റ്റ് റൂം – 5 ലക്ഷം

യന്ത്രവത്കരണം – 15 ലക്ഷം

ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരണം – 5 ലക്ഷം

I.F.S. – 2ലക്ഷം

മാതൃകാ കൃഷിത്തോട്ടം – 1 ലക്ഷം

**<u>ആലുവ സംസ്ഥാന വിത്തുല്പാദന കേന്ദ്രം</u>**

ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന പെരിയാറിന്റെപ്രകൃതിരമണീയമായ തുരുത്തിൽ പ്രവർത്തിച്ചുവരുന്ന ആലുവ ഫാം ഇന്ന് ലോകപ്രശസ്തമാണ്. ഈ ഫാമിന്റെ മഹിമ കേട്ടറിഞ്ഞ് നാനാഭാഗങ്ങളിൽ നിന്നും ഒട്ടനവധി ആളുകളാണ് അന്വേഷണങ്ങളുമായി ഇവിടേയ്ക്ക് ദിനംപ്രതി എത്തിച്ചേരുന്നത്. ലോകത്തു തന്നെ ജപ്പാൻ വയലറ്റ്,

രക്തശാലി, തുടങ്ങി അപൂർവ്വങ്ങളായ നെൽ വിത്തിനങ്ങൾ കൃഷി ചെയ്യുന്ന ചുരുക്കം ഫാമുകളിൽ ഒന്നാണ് ആലുവ സംസ്ഥാന വിത്തുൽപാദന കേന്ദ്രം. നെൽകൃഷിക്കൊപ്പം ആട്, കോഴി, മത്സ്യം, പശു മുതലായവയും ഇവിടെ വളർത്തി വരുന്നു. 2020-21 വർഷംസംസ്ഥാനത്തെ മികച്ച ഫാമിനുള്ള അവാർഡ് ഈ ഫാമിന് ലഭിക്കുകയുണ്ടായി. കൃഷി അസിസ്റ്റൻറ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ച ഈ ഫാമിലെ ഓഫീസർ ശ്രീമതി ലിസി മോൾ ജെ.വടക്കൂട്ടിന് ആണ് മികച്ച ഫാം ഓഫീസർക്കുള്ള നടപ്പു വർഷത്തെ ഹരിത കീർത്തി പുരസ്കാരം ലഭിച്ചത് എന്നതും ഏറെ അഭിമാനകരമാണ്.

ആലുവ ഫാം കേന്ദ്രീകരിച്ച് ഫാം ടൂറിസത്തിന് സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതാണ്. ഇന്ത്യയിലെ തന്നെ ഏറ്റവും പഴക്കം ചെന്ന ജൈവ വിത്തുല്പാദന കേന്ദ്രം എന്ന നിലയിൽ ആലുവ ഫാമിനെ നിലനിർത്തുന്നതിനും കൂടുതൽ വൈവിധ്യമാർന്ന നെല്ലിനങ്ങൾ കണ്ടെത്തി സംരക്ഷിക്കുന്നതിനും അതിന്റെ വിത്തുകൾ

കർഷകർക്ക് ലഭ്യമാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും.

| | | |
|---|---|---|
| ജലസേചന സൌകര്യം | – | 15 ലക്ഷം |
| ബോട്ട്ജെട്ടി | – | 10 ലക്ഷം |
| ഫാം ടൂറിസം | – | 50 ലക്ഷം |
| തൊഴിലാളികൾക്കുള്ള ടോയ്ലറ്റ്, റസ്റ്റ് റൂം | – | 5 ലക്ഷം |

**<u>നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം</u>**

എറണാകുളം ജില്ലയുടെ കിഴക്കൻ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം ജില്ലാ പഞ്ചായത്തിന്റെഅഭിമാന സ്തംഭമാണ്. സഹ്യന്റെ മടിത്തട്ടിൽ തല ചായ്ക്കുന്ന ഈ കൃഷിത്തോട്ടം മുന്നൂറ് ഏക്കറിൽ വ്യാപിച്ചു കിടക്കുന്നു. ഇവിടെ ഉൽപാദിപ്പിക്കുന്ന വൈവിദ്ധ്യമാർന്നതും ഗുണമേന്മയേറിയതുമായ നടീൽ വസ്തുക്കൾക്ക് കർഷകരുടെ ഇടയിൽ ഏറെ പ്രിയമുണ്ട്. സംസ്ഥാനത്തിന്റെ കാർഷികാഭിവൃദ്ധിക്ക് ഈ കൃഷിത്തോട്ടം നൽകുന്ന സംഭാവന ചെറുതല്ല. എങ്കിലും ഇവിടെ

ആവശ്യത്തിനുള്ള ജീവനക്കാരില്ലാത്തതു മൂലം നിലവിലുള്ള ജീവനക്കാർക്ക് താങ്ങാനാവാത്ത ജോലിഭാരമുണ്ട് എന്നത് വസ്തുതയാണ്. ഇത് ഫാമിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. നൂതന കൃഷി സമ്പ്രദായങ്ങളും യന്ത്രവത്ക്കരണവും നടപ്പാക്കി ഈ കൃഷിത്തോട്ടത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ് ഈ വർഷം വിഭാവനം ചെയ്യുന്നത്. അതോടൊപ്പം ബില്ലിംഗിന് പുതിയ സോഫ്റ്റ് വെയർ ഒരുക്കിയും ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനുള്ള ശ്രമം നടത്തിയും വരുമാനച്ചോർച്ച തടയുന്നത് ഉറപ്പാക്കാൻ കഴിയും.

ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് യന്ത്രവൽക്കരണം, സോഫ്റ്റ് വെയർ സ്ഥാപിക്കൽ, ജലസേചന സൌകര്യങ്ങൾ വിപുലീകരിക്കൽ, അടിസ്ഥാന സൌകര്യ വർദ്ധനവ്, നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ, വൈവിദ്ധ്യവത്ക്കരണം, നേര്യമംഗലം ഫാമിലേക്ക് ലോറി വാങ്ങൽ, അഞ്ചു ഫാമുകൾക്കും പാടശേഖര സമിതികൾക്കും കർഷക സംഘങ്ങൾക്കുംഉപയോഗിക്കുന്നതിലേക്കായി ഒരു

ജെസിബി വാങ്ങൽ, തുടങ്ങിയ പ്രവർത്തനങ്ങൾക്ക് **1 കോടി 87 ലക്ഷം**രൂപ മാറ്റി വയ്ക്കുന്നു.

| | | |
|---|---|---|
| I.F.S. | – | 2 ലക്ഷം |
| ലോറി വാങ്ങൽ | – | 20 ലക്ഷം |
| ഫാം ടൂറിസം | – | 100 ലക്ഷം |
| ജെ.സി.ബി. വാങ്ങൽ | – | 20 ലക്ഷം |
| ബഫല്ലോ പാർക്ക് | – | 10 ലക്ഷം |
| ഡയറി ഫാം | – | 20 ലക്ഷം |
| കർഷക പരിശീലനം | – | 5 ലക്ഷം |
| Projeny orchard | – | 5ലക്ഷം |
| Weather station | – | 4 ലക്ഷം |

## അങ്കമാലി റാബിറ്റ് ഫാം വൈവിധ്യവൽക്കരണം

അങ്കമാലി റാബിറ്റ് ഫാമിൽ ഒട്ടധികം സ്ഥലം ഉപയോഗിക്കപ്പെടാതെ കിടക്കുന്നുണ്ട്. നിലവിൽ മുപ്പതോളം മുയലുകൾ മാത്രമാണ് അവിടെയുള്ളത്.

എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് വെച്ചുനോക്കുമ്പോൾ മുപ്പതു മുയലുകൾക്ക് മാത്രമായി ഫാം നടത്തിക്കൊണ്ടുപോകുന്നത് ഉചിതമല്ല. മുയലുകളുടെ എണ്ണം വർധിപ്പിക്കുന്നതോടൊപ്പം സാധ്യമായ മറ്റ് പരിപാടികളും ഇവിടെ നടപ്പാക്കേണ്ടതുണ്ട്. അലങ്കാര പക്ഷി, കരിങ്കോഴി,അലങ്കാര മത്സ്യം എന്നിവ വളർത്തി വിപണനം ചെയ്യുക തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികളിലൂടെ ഫാമിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കഴിയും. ഇതിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കൽ ഉൾപ്പടെയുള്ള പരിപാടികൾക്കായി **10 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

## ഫാം ടൂറിസം

ആയിരം പാദസരങ്ങൾ കിലുങ്ങുന്ന ആലുവ പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന ആലുവ വിത്തുൽപാദന കേന്ദ്രം,മലനിരകളുടെ ഓരം ചേർന്നു ദേശീയ പാതയോരത്ത് മൂന്നാറിലേയ്ക്കുള്ള പ്രവേശന കവാടത്തിൽ സ്ഥിതി ചെയ്യുന്ന നിൽക്കുന്ന നേര്യമംഗലത്തെ ജില്ലാ കൃഷിത്തോട്ടം, നെടുമ്പാശേരി

വിമാനത്താവളത്തിനു സമീപത്തായി എം.സി.റോഡിന് വശത്തായി ഒക്കൽ ഫാം എന്നിവ അനന്തമായ ടൂറിസം സാധ്യതകളാണ് തുറന്നിടുന്നത്. കൂടാതെ പ്രശാന്തമായ ജലാശയങ്ങളും ടൂറിസത്തിന് അനുയോജ്യമായ അന്തരീക്ഷം നൽകുന്നു. ഈ സാധ്യതകളെ പ്രയോജനപ്പെടുത്തുന്ന ടൂറിസം പദ്ധതിപ്രഖ്യാപിക്കുന്നു. ഫാമുകളോട് തൊട്ട് കിടക്കുന്ന പുഴകളിലും കായലിലും കൂടിയുള്ള ബോട്ട് അല്ലെങ്കിൽ വഞ്ചി സഞ്ചാരം, പുഴക്ക് കുറുകെ തൂക്കുപാലം,വാക്കിങ് വേ, ജോഗിങ് വേ കിയോസ്ക്കുകൾ, കഫേകൾ തുടങ്ങി വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ കഴിയുന്ന വികസനപരിപാടികൾ നടപ്പിലാക്കുന്നു. ഫാമുകളിൽ സന്ദർശിച്ച് പ്രവർത്തനങ്ങൾ നേരിൽ മനസ്സിലാക്കുന്നതിനും വിത്തുകളും തൈകളും വാങ്ങുന്നതിനും പൊതുജനങ്ങൾക്ക് സൌകര്യം നൽകുന്നു. സന്ദർശകർക്ക് പ്രവേശന ഫീസും ബോട്ട് സഞ്ചാരത്തിന് യാത്രാചാർജ്ജും ഉൾപ്പെടുന്ന ടൂറിസം പാക്കേജ് ഏർപ്പെടുത്തും. ഫാം ടൂറിസത്തിനായി പ്രത്യേക വെബ് സൈറ്റ് ആരംഭിച്ച് വ്യാപകമായ

പ്രചരണം നൽകും. കെ.റ്റി.ഡി.സി., ഐ.ടി.ഡി.സി. എന്നിവയുമായും ലോകമെമ്പാടുമുള്ള പ്രമുഖ ടൂർ ഓപ്പറേറ്റർമാരുമായും ഫാം ടൂറിസത്തെ ബന്ധിപ്പിക്കും. കേരളത്തിൻറ തന്നെ ടൂറിസം രംഗത്ത് വിപ്ളവകരമായ മാറ്റം വരുത്തുന്ന ഈ അഭിമാന പദ്ധതിയിലൂടെ ജില്ലാ പഞ്ചായത്തിൻറ തനത് വരുമാന സ്ഥിതി ഏറെ മെച്ചപ്പെടും. ഈ ടൂറിസം പദ്ധതിക്കായി **1.5 കോടി രൂപ** നീക്കി വയ്ക്കുന്നു.

## ധരണിക്കൊരു കൂട – ജൈവ വൈവിദ്ധ്യ പാർക്ക്

'ഇനിയും മരിക്കാത്ത ഭൂമി' ക്ക് ചരമഗീതം രചിക്കുന്നവർ ആണ് നാം. 'ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ ജീവിതം സാധ്യമോ' എന്നു ചോദിക്കുമ്പോഴും നാം പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്നു.അതിരുകടന്ന ഈ ആക്രമണം മൂലംപ്രകൃതിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെട്ടിരിക്കുന്നു. അതിന്റെ പരിണിതഫലങ്ങൾ നാമിന്ന് നേരിൽ അനുഭവിച്ചു വരികയാണ്.

മുൻപെങ്ങും ദൃശ്യമാവാത്തവിധം പ്രകൃതിദുരന്തങ്ങൾഇടതടവില്ലാതെ ആവർത്തിച്ചുകൊണ്ടിരിക്കുന്നു.കേട്ടുകേൾവിയില്ലാത്ത പകർച്ചവ്യാധികൾ പെരുകുന്നു.മനുഷ്യരാശിക്ക് അതിജീവനം സാധ്യമാകണമെങ്കിൽ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ അടിയന്തരമായി ഇടപെട്ടേ മതിയാകൂ എന്ന ചിന്ത ശക്തമായിട്ടുണ്ട്. പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ സഹകരണത്തോടെ, അപൂർവ സസ്യങ്ങളുടെ ഒരു ജൈവപാർക്ക് സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തുന്നു.

അന്യം നിന്നു പോകുന്ന സസ്യജാലങ്ങൾക്കായി പുതിയൊരു ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനാണ് ജൈവവൈവിദ്ധ്യ പാർക്ക് സ്ഥാപിക്കുന്നത്. സസ്യജാലങ്ങൾ വളരുന്ന മുറയ്ക്ക് മറ്റു ജീവജാലങ്ങളും ഇവിടെ പാർപ്പിനെത്തും. ശലഭോദ്യാനം, ഔഷധ സസ്യത്തോട്ടം, ഫലവൃക്ഷത്തോട്ടം എന്നിവയും ജൈവവൈവിദ്ധ്യ പാർക്കിൻെറ ഭാഗമാക്കും.

## കാർഷിക വിപണന കേന്ദ്രങ്ങൾ

ഉല്പാദിപ്പിക്കുന്ന വിളകൾക്ക് ചെലവിന് ആനുപാതികമായ വിലയും വിപണിയും ലഭിക്കുന്നില്ല എന്നതാണ് കർഷകർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. ഇടനിലക്കാരും വിൽപനക്കാരും കൊള്ളലാഭം കൊയ്യുമ്പോൾ കർഷകന് അധ്വാനത്തിന്റ വില പോലും ലഭിക്കുന്നില്ല. ഉദാരവത്ക്കരണത്തിൻറെയും ആഗോളവത്ക്കരണത്തിൻറെയും ഈ കാലഘട്ടത്തിൽ കോർപറേറ്റുകളുടെ ദയാദാക്ഷിണ്യത്തിന് കർഷകർ കാത്തു നിൽക്കേണ്ട അവസ്ഥയാണ് ഉള്ളത്. കൊടും ചൂഷണത്തിന് വിധേയരാകുന്ന കർഷകർ കടക്കെണിയിൽ അകപ്പെടുന്നു. കുത്തകകളിൽ നിന്നും വായ്പ വാങ്ങി വിളകൾ മുൻകൂറായി അവർക്ക് പണയം നൽകേണ്ട ഗതികേടിലാണ് കർഷകർ എത്തി നിൽക്കുന്നത്. ഉൽപ്പന്നവുമായി ചന്തയിൽ എത്തുമ്പോൾ കച്ചവടക്കാർ പറയുന്ന വിലയ്ക്ക് സാധനങ്ങൾ വിറ്റഴിക്കേണ്ടതായി വരുന്നു. ഇതിന് പരിഹാരമായി കർഷക സൊസൈറ്റികൾ രൂപീകരിച്ച്

നേരിൽ വിപണനം നടത്തുന്ന കർഷക ചന്തകൾ എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കുവാൻ 10 ലക്ഷം രൂപയുടെ പുതിയ പദ്ധതി പ്രഖ്യാപിക്കുന്നു.ചന്തകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ ആരംഭിക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സഹായങ്ങൾ ചെയ്യുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. എല്ലാ പഞ്ചായത്തുകളിലും കർഷക ചന്തകൾ സ്ഥാപിതമാകുന്നതോടെ ഉൽപന്നങ്ങൾക്ക് ന്യായവില ഉറപ്പാവുകയും കാർഷിക മുന്നേറ്റത്തിന് അതു കാരണമാവുകയും ചെയ്യും.

**<u>നീർ സമൃദ്ധി.. ഇനി ഞാൻ ഒഴുകട്ടെ</u>...**

എറണാകുളം ജില്ല ജലസമൃദ്ധിയാൽ അനുഗൃഹീതമാണ്. തോടുകൾ നദികൾ കനാലുകൾ നീർച്ചാലുകൾ എന്നിവ നാടിനു സമൃദ്ധിയും ഉഷ്മളതയും നൽകുന്നു. എന്നാൽ 2018–19 വർഷങ്ങളിൽ ഉണ്ടായ പ്രളയങ്ങൾ നീരൊഴുക്ക് കൂടുതൽ ദുഷ്കരമായ അവസ്ഥയിലേക്ക് എത്തിച്ചിരിക്കുകയാണ്. ചെളിയും എക്കലും മാലിന്യവും അടിഞ്ഞുകൂടി ചെറുതോടുകളുടെ നീരൊഴുക്ക് അസാധ്യമാക്കി

തീർത്തിരിക്കുന്നു. ഈ പ്രതികൂല സാഹചര്യം തരണം ചെയ്യുന്നതിനായി ജലസേചന വകുപ്പ്, കൃഷി വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, ദേശീയ തൊഴിലുറപ്പു പദ്ധതി, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവ സംയുക്തമായി നമ്മുടെ തോടുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്തു കൊണ്ട് നീർച്ചാലുകളുടെ ജലനിർഗമനം സുഗമമാക്കുന്നതു വഴി കാർഷികമേഖലയുടെ സമൃദ്ധിയും വെള്ളപ്പൊക്കനിവാരണവും ഉറപ്പു വരുത്തുന്ന**50 ലക്ഷം രൂപ**യുടെ പദ്ധതി പ്രഖ്യാപിക്കുന്നു.

## കാർഷിക ജലസേചന പദ്ധതികൾ

എറണാകുളം ജില്ലയിലെ കാർഷിക മേഖലയിലെ ജലലഭ്യത ഉറപ്പു വരുത്തുന്നതിന് വിവിധങ്ങളായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കും. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, ലീഡിംഗ് ചാനലുകൾ എന്നിവ നിർമ്മിക്കും. **2 കോടി 70 ലക്ഷം രൂപ** ഇതിനായി വകയിരുത്തും.

# ക്ഷീര വികസന മേഖല

ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ കൃഷി പോലെ തന്നെ പ്രധാന പങ്കുവഹിക്കുന്നതാണ് മൃഗപരിപാലനവും. നമ്മുടെ ജില്ലയിൽ 12600ക്ഷീരകർഷകർ ഉണ്ട്. വിവിധ തലങ്ങളിലെ ഫലപ്രദമായ ഇടപെടലിലൂടെചെറുപ്പക്കാർ ഉൾപ്പെടെയുള്ളവർ ഈ രംഗത്തേക്ക് കടന്നു വന്നിട്ടുണ്ട് . അതിനാൽ പാലുല്പാദനത്തിൽ വലിയതോതിലുള്ള വർദ്ധനവും കൈവന്നിട്ടുണ്ട്.വലിയ സാധ്യതകളുള്ള ഈ രംഗത്ത് ചില നൂതന പ്രോജക്ടുകൾ ഏറ്റെടുക്കുന്നു.

## ഡയറി ഫാം

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ അനുയോജ്യമായ സ്ഥലത്ത് ക്ഷീരവികസന വകുപ്പുമായി കൈകോർത്തുകൊണ്ട് 200 പശുക്കളെ വളർത്തുന്ന കളക്കീവ് ഡയറി ഫാമിനായി **10 ലക്ഷം** രൂപയുടേയും300 എരുമകളെ വളർത്തുന്ന ബഫല്ലോ പാർക്ക് സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപയുടേയും

പദ്ധതി വിഭാവനം ചെയ്യുന്നു. ഡയറി ഫാമിൽ ഹൈടെക് കാലിത്തൊഴുത്ത്, മിൽകിംഗ് മെഷീൻ,സ്ട്രോ ഹൗസ് എന്നിവ ഉണ്ടാകും. ബഫല്ലോ പാർക്കിൽ ടൂറിസം സാധ്യതകൾക്കു കൂടി ഉപകാരപ്പെടുന്ന രീതിയിൽ എരുമകളെ സ്വാഭാവിക ആവാസവ്യവസ്ഥിതിയിൽ വളർത്തുന്നതിനുള്ള സംവിധാനമാണ് ഒരുക്കുക. എരുമകളെ പ്രത്യേക പ്രകൃതിസൗഹൃദ വേലി കെട്ടിനുള്ളിൽ വളർത്തും.ഈ രണ്ടു പദ്ധതികൾ വഴി വഴി ലഭ്യമാകുന്ന പാൽ പാസ്ച്ചറൈസ് ചെയ്ത് ബ്രാൻഡ് ചെയ്ത് പാക്കറ്റുകളിലാക്കി ജില്ലാപഞ്ചായത്തുവിപണിയിലിറക്കുന്നതിനും ഉദ്ദേശിക്കുന്നു.ജില്ലാ പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ കാര്യമായ വർധനവുണ്ടാകുവാൻ ഈ പദ്ധതി സഹായകമാകും.

**<u>ക്ഷീരസാഗരം</u>**

ജില്ലയിലെ ക്ഷീരകർഷകരുടെ ഉന്നമനത്തിനായും പാലുൽപാദന വർദ്ധനവിനായും വനിതാ ഗ്രൂപ്പുകൾക്ക് 2 പശുക്കളെ സബ്സിഡി നൽകി

അനുവദിക്കുന്ന പദ്ധതിയാണിത്. പശുവളർത്തൽ സംരംഭം തുടങ്ങുന്നതിന് താൽപര്യമുള്ള കുടുംബശ്രീ ഗുണഭോക്താക്കൾ ശാസ്ത്രീയമായ കാലിത്തൊഴുത്തുകൾ നിർമ്മിച്ച് 2 കറവ പശുക്കളെ പരിപാലിച്ച് ശുദ്ധമായ പാൽ മൂല്യത്തിനനുസരിച്ച വിലയ്ക്ക് ഉപഭോക്താക്കളിൽ എത്തിക്കുന്നു. ഇതിനായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

## ക്ഷീരമിത്രം

ജില്ലയിലെ പാലുൽപാദന വർദ്ധനവ് ലക്ഷ്യമിട്ടു കൊണ്ട് പാലിന് ഇൻസെൻറീവ് അനുവദിക്കുന്ന പദ്ധതിയാണിത്. പ്രാഥമിക സഹകരണ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഇൻസെൻറീവ് നൽകുന്നു. ഇതിനായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

## ഹോം മെയ്ഡ് ചോക്ക്ലേറ്റ് നിർമ്മാണ യൂണിറ്റ്

മുൻ പ്രഖ്യാപിച്ച പദ്ധതികളിലൂടെ പാൽഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്.ഇത് നമ്മുടെ ആളുകളുടെ പോഷക

ശോഷണത്തിന് വലിയൊരളവ് പരിഹാരം നൽകും.ഇതോടൊപ്പം പാലിൽ നിന്നും ഹോം മേഡ് ചോക്ലേറ്റും മറ്റ് പാൽ ഉൽപന്നങ്ങളും ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റ് ആരംഭിക്കുന്നതിനും ഈ ബജറ്റ് നിർദ്ദേശിക്കുന്നു. ഇതിനായി **10 ലക്ഷം** രൂപ നൽകുന്നു.

# മത്സ്യമേഖല

നിത്യജീവിതത്തിൽകൃഷിക്കും മൃഗസംരക്ഷണത്തിനും ഉള്ള അതേ പ്രാധാന്യം മത്സ്യമേഖലയ്ക്ക് ഉണ്ട്. എറണാകുളം ജില്ലയിൽ 19 പഞ്ചായത്തുകൾ തീരമേഖലയിൽ ഉള്ളവയാണ്. ഇതിൽ കടൽത്തീരവും കായൽ തീരവും പെടുന്നു.പല

കാരണങ്ങളാലും തീരമേഖല ഇന്ന് വറുതിയിൽ ആണ്.പ്രകൃതിയിലും കാലാവസ്ഥയിലും വന്ന മാറ്റവും അമിതമായ ചൂഷണവുംമൂലം മത്സ്യസമ്പത്തിൽ ഗണ്യമായ കുറവ് വന്നിരിക്കുന്നു.ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സക്രിയമായ ചില ഇടപെടലുകൾ നടന്നുവരുന്നുണ്ട് എങ്കിലും അതൊന്നും ഉദ്ദേശിച്ചത്ര ഫലവത്താകുന്നില്ല.തീരമേഖലയിലെ ജനങ്ങളെക്കുറിച്ച്, പ്രത്യേകിച്ച് മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെ കുറിച്ച് ഈ ഭരണസമിതിക്ക് വലിയ കരുതൽ ആണുള്ളത്. മത്സ്യതൊഴിലാളികളെ രക്ഷിക്കുന്നതിന് ഏറ്റവും ആവശ്യമായത് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്നതാണ്. ഞാൻ മുൻപ് പ്രഖ്യാപിച്ച ഒരു നെല്ലും മീനും പദ്ധതി ഇവർക്ക് ഏറെ സഹായകമാകും.

**<u>മത്സ്യ സമൃദ്ധി – പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപം</u>**

നമ്മുടെനാട്ടിൽ സുലഭമായിരുന്ന പല മത്സ്യയിനങ്ങളും ഇന്ന് അന്യംനിന്നു പോയിരിക്കുന്നു.

പലതിൻറെയും എണ്ണത്തിൽ വലിയ കുറവും സംഭവിച്ചിരിക്കുന്നു.മത്സ്യം മലയാളിയുടെ ശീലത്തിൽ ഒഴിച്ചുകൂടാനാവാത്ത ഘടകമാണ്. മീൻ കറി ഇല്ലാത്ത ഊണ് പലർക്കും പൂർണം ആവുകയില്ല.നമ്മുടെ മത്സ്യത്തിന്റെ പ്രശസ്തി ലോകമെങ്ങും വ്യാപിപ്പിക്കുന്നതിന് കൂടിയാണ് കരിമീൻ കേരളത്തിന്റെ ഔദ്യോഗിക മത്സ്യം ആയി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. മത്സ്യത്തിന് ആവശ്യം ഏറെ ആണെങ്കിലും നല്ല മത്സ്യം ലഭ്യമാകുന്നില്ല.കരിമീൻ ഉൾപ്പെടെയുള്ള നല്ലയിനം മത്സ്യങ്ങളുടെ വിത്ത് പൊതുജലാശയങ്ങളിൽ **നിക്ഷേപിക്കുന്ന 10 ലക്ഷം** രൂപയുടെ ഒരു പദ്ധതി ബജറ്റിൽ പ്രഖ്യാപിക്കുന്നു.

## <u>കൂടുമത്സ്യകൃഷി</u>

കൂടുമത്സ്യകൃഷിക്ക് ഇന്ന് വലിയ പ്രചാരം ലഭിച്ചിട്ടുണ്ട്. കൂടുകളിൽ മത്സ്യം വളർത്തുന്നതു വഴി മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുവാൻ കഴിയും. ചെറിയ സ്ഥലത്തു പോലും കൂടുതൽ മത്സ്യം വളർത്താൻ കഴിയും എന്നതാണ് ഈ കൃഷി രീതിയുടെ മേന്മ. തുറസ്സായ ജലാശയങ്ങളിൽ നിയന്ത്രിത ചുറ്റുപാടിൽ

മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് പ്രത്യേക തീറ്റ നൽകി വളർത്തുന്ന രീതിയാണ് കൂടുമത്സ്യ കൃഷിയിൽ സ്വീകരിക്കുന്നത്. മത്സ്യങ്ങളുടെ വളർച്ചയ്ക്ക് ആനുപാതികമായി തരംതിരിച്ച് വളർത്താമെന്നതും എളുപ്പത്തിൽ വിളവെടുക്കാമെന്നതും ഈ കൃഷിരീതിയുടെ പ്രത്യേകതയാണ്. ഈ പദ്ധതിയ്ക്കായി **20 ലക്ഷം** രൂപ നീക്കി വെയ്ക്കുന്നു.

## <u>പടുതാക്കുളം</u>

നമ്മുടെ ജില്ലയിൽ വിജയകരമാകുന്ന ഒരു പദ്ധതിയാണ് പടുതാകുളത്തിലെ മത്സ്യ കൃഷി. തൊഴിലുറപ്പ് പദ്ധതി വഴി ധാരാളം പടുതാക്കുളങ്ങൾ നിർമ്മിച്ചു വരുന്നുണ്ട്. സ്ഥലലഭ്യത അനുസരിച്ച് ഏത് അളവിലും പടുതാക്കുളം നിർമ്മിച്ച് മത്സ്യം വളർത്താമെന്നതാണ് ഈ രീതിയുടെ പ്രത്യേകത. കൊച്ചു കുട്ടികൾക്കു പോലും മത്സ്യം വളർത്തന്നതിന് ഈ രീതി പ്രയോജനകരമാകും. ഈ പദ്ധതിക്ക് പദ്ധതിക്ക് **20ലക്ഷം** രൂപ നൽകുന്നു.

## അകചാപോണിക്സ്

മത്സ്യകൃഷിക്കുള്ള ഒരു നൂതന സമ്പ്രദായമാണ് അകചാപോണിക്സ്,ഈയടുത്തകാലത്തായി ഇതിന് വലിയ സ്വീകാര്യത ലഭിച്ചിട്ടുണ്ട്. മത്സ്യം വളർത്തുന്നതോടൊപ്പം പച്ചക്കറികൃഷിയും സാധ്യമാകും എന്നതാണ് ഈ രീതിയുടെ പ്രത്യേകത. മത്സ്യം വളരുന്ന ജലം കൃഷി ആവശ്യത്തിനു കൂടി ഉപയോഗിച്ച് റീ സർക്കുലേറ്റ് ചെയ്തെടുക്കുന്ന ഈ സാങ്കേതിക വിദ്യ ഏറെ പ്രയോജനകരമാണ്. ഈസർക്കുലേറ്ററി അകചാകൾച്ചർ പദ്ധതിയും നാം ഏറ്റെടുക്കുകയാണ്. ഇതിനായി **10 ലക്ഷം** രൂപ വകയിരുത്തുന്നു.

# വ്യാവസായിക മേഖല

നമ്മുടെ ജില്ല ഒരു നഗരവത്കൃത വ്യാവസായിക പ്രദേശമാണ്,കേരളത്തിന്റെ വ്യാവസായിക തലസ്ഥാനം ആയ എറണാകുളത്ത് ധാരാളം വൻകിട വ്യവസായ സംരംഭങ്ങളും ഐടി പാർക്കുകളും സ്ഥിതി ചെയ്യുന്നു. അറബിക്കടലിലെ റാണി എന്നാണ്

കൊച്ചി അറിയപ്പെടുക.പുറമേ പച്ച പരിഷ്ക്കാരിയും പട്ടണവാസിയും ആണെങ്കിലും ഹൃദയഭാഗം വിട്ടു നീങ്ങുമ്പോൾ ശുദ്ധ ഗ്രാമീണഭാവം ഉള്ളവളായി കൊച്ചി മാറുന്നു.കാർഷികമേഖലയോടൊപ്പം വ്യവസായവും വളർന്നു എങ്കിൽ മാത്രമേ തൊഴിലില്ലായ്മയ്ക്കും ദാരിദ്ര്യത്തിനും പൂർണമായ പരിഹാരം കാണുവാൻ കഴിയു. അതുകൊണ്ടാണ് നമ്മുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു വ്യാവസായിക വിപ്ലവത്തെ ഹരിത വിപ്ലവത്തോട് ചേർത്തു നിർത്തിയത്. കോവിഡ് മൂലം തൊഴിൽ നഷ്ടപ്പെട്ട ധാരാളം ആളുകളുണ്ട് . പല തൊഴിൽ ശാലകളും അടച്ചുപൂട്ടുകയോ തൊഴിലാളികളുടെ എണ്ണം കുറയ്ക്കുകയോ ചെയ്തിട്ടുണ്ട്.ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട ഇവരെ കൈപിടിച്ചുയർത്തേണ്ടത് ഒരു പ്രാദേശിക സർക്കാരിന്റെ മൗലികമായ കടമയാണെന്ന് ഞാൻ കരുതുന്നു. ഈ കടമ നിറവേറ്റുന്നതിനായി ഒട്ടേറെ പദ്ധതികൾ ഈ ബജറ്റ് മുന്നോട്ടുവയ്ക്കുന്നു.

കോവിഡാനന്തര കാലത്ത് തൊഴിലിനായി മറ്റുള്ളവരെ ആശ്രയിക്കുക എന്നത്

അഭിലഷണീയമല്ല. ഇത് വെല്ലുവിളിയോടൊപ്പം വലിയ സാധ്യതയുംതുറന്നു തരുന്നുണ്ട്. പുതിയ തൊഴിൽ മേഖലകൾ സ്വയം കണ്ടെത്തി സംരംഭങ്ങൾ ആരംഭിക്കുക എന്നതിലേക്ക് യുവാക്കൾ തങ്ങളുടെ മനോഭാവത്തെ മാറ്റി പണിയണം. പലരും ഈ ദിശയിൽ സഞ്ചരിക്കുന്നു എന്നത് ആശാവഹമാണ്.സ്വയംതൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക, തൊഴിൽ നൈപുണ്യം നൽകുക എന്നിവക്കാണ്ഈ ബജറ്റിൽ ഊന്നൽ നൽകുന്നത്. സ്വയം തൊഴിൽ സംരംഭകത്വ മേഖലകളിൽ പുതിയ ചില പപരിപാടികൾ പ്രഖ്യാപിക്കുന്നു.

## സ്മാർട്ട് അയണിംഗ് യൂണിറ്റ്

ഒട്ടുമിക്ക വീടുകളിൽ നിന്നും സ്ത്രീകളും പുരുഷന്മാരും ഒരുപോലെ ജോലിതേടി പുറത്തു പോകുവാൻ തുടങ്ങിയതോടെ പല വീട്ടുജോലികളും സമയത്തു ചെയ്തു തീർക്കുവാൻ കഴിയാത്ത സാഹചര്യം സംജാതമായിട്ടുണ്ട്. യുവാക്കളിൽ പലരും സെയിൽസ് എക്സിക്യൂട്ടീവ് പോലുള്ള ജോലികളിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ വൃത്തിയായി

അലക്കിത്തേച്ച വസ്ത്രം ധരിക്കേണ്ട ആവശ്യകതയും വന്നിരിക്കുന്നു. അതുകൊണ്ട് നാട്ടിൻപുറങ്ങളിൽ പോലും വസ്ത്രം തേച്ചു കൊടുക്കുന്ന സ്ഥാപനങ്ങളിൽ വലിയ തിരക്ക് അനുഭവപ്പെടുന്നുണ്ട്. ഈ അവസരം മുതലാക്കുന്നതിന് അയണിംഗ് യൂണിറ്റ് സ്ഥാപിക്കൽ എന്ന **27ലക്ഷം രൂപയുടെ**പദ്ധതി ഈ ബജറ്റിൽ ഉൾപ്പെടുത്തുന്നു.നീരാവി കൊണ്ട് പ്രവർത്തിക്കുന്നതും തേക്കുമ്പോൾ വസ്ത്രത്തിന് യാതൊരുവിധ കേടുപാടുകളും സംഭവിക്കാൻ ഇടയാക്കാത്തതുമായ തേപ്പ് യന്ത്രമാണ് യൂണിറ്റുകളിൽ ഉപയോഗിക്കുന്നത്. ഗ്രൂപ്പടിസ്ഥാനത്തിൽ നടപ്പാക്കുന്ന ഈ പ്രോജക്റ്റിൽ യന്ത്രസാമഗ്രികൾക്കും മറ്റ് അനുബന്ധ ചെലവുകൾക്കും ആയി ഒരു ലക്ഷം രൂപയാണ് ഒരു യൂണിറ്റിന് ആവശ്യമായി വരിക.ചെലവ് തുകയുടെ 85% ജില്ലാ പഞ്ചായത്ത് സബ്സിഡിയായി നൽകുന്നു. ബാക്കി തുക ബാങ്ക് വായ്പ വഴി ഗ്രൂപ്പ് കണ്ടെത്തുന്നു.

## ഫ്ലോട്ടിങ് റസ്റ്ററന്റ്

നമ്മുടെ ജില്ല സ്വച്ഛവും മനോഹരവുമായ ജലാശയങ്ങൾ കൊണ്ട് സമ്പുഷ്ടമാണ്.ആലുവ പുഴയും മൂവാറ്റുപുഴയാറും വേമ്പനാട്ടുകായലും അറബിക്കടലിന്റെ റാണിയെ കൊലുസണിയിപ്പിക്കുന്നു.കായലിന്റെയും പുഴകളുടെയും ടൂറിസം സാധ്യതകളെ ഇനിയും നമ്മൾ പ്രയോജനപ്പെടുത്തിയിട്ടില്ല. ഒട്ടേറെ വിദേശ രാജ്യങ്ങൾ മികച്ച ആസൂത്രണത്തിലൂടെ കായൽ ടൂറിസത്തിൽ വൻ കുതിപ്പ് നടത്തിയിട്ടുണ്ട്. നമ്മുടെ നാട്ടുകാർ നല്ല പാചകവിദഗ്ദർ ആണ്. കായലുകളോടും പുഴകളോടും ചേർന്ന് കപ്പ, വെള്ളയപ്പം, മത്സ്യവിഭവങ്ങൾ തുടങ്ങിയവ നാടൻ രുചികൾ നൽകുന്ന ഫ്ലോട്ടിംഗ് റസ്റ്റോറൻറുകൾആരംഭിച്ചാൽ ഒട്ടേറെ ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ കഴിയും. ഇപ്രകാരം ഫ്ളോട്ടിംഗ് റസ്റ്റോറൻറ് ആരംഭിക്കുന്നവർ പടുതാക്കുളത്തിലെ മത്സ്യകൃഷി, കൂടുമത്സ്യകൃഷി എന്നിവ ചെയ്താൽ അവിടെ നിന്നും ഉപഭോക്താക്കളുടെ കൺമുന്നിൽ തന്നെ ജീവനുള്ള മത്സ്യം പിടിച്ച് കറി വെച്ച് നൽകുവാൻ കഴിയും. ഫ്ലോട്ടിംഗ് റസ്റ്റോറൻറുകൾ

സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിക്ക് **10 ലക്ഷം രൂപ** വകയിരുത്തുന്നു.

## ഡ്രൈഫിഷ് യൂണിറ്റ്

കേരളത്തിൽ പ്രത്യേകിച്ച് കിഴക്കൻ നാടുകളിൽ ഉണക്ക മത്സ്യത്തിന് ഏറെ പ്രിയം ഉണ്ട്. ഇപ്പോൾ വിദേശത്തും ഉണക്കമത്സ്യത്തിന് വലിയ ഡിമാൻഡാണ് ഉണ്ടാകുന്നത്. ശാസ്ത്രീയമായ രീതിയിൽ മത്സ്യം ഉണക്കുന്നതിനും വിപണിക്കും സൗകര്യം കൂടി നൽകിയാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് കൂടുതൽ വരുമാനം ലഭിക്കുന്നത് ഇടയാകും.മത്സ്യം ശാസ്ത്രീയമായും വൃത്തിയായും ഉണക്കുന്നതിന് ഡ്രൈ ഫിഷ് യൂണിറ്റ് സ്ഥാപിക്കുവാൻ **10 ലക്ഷം രൂപ** നൽകുന്നു.ഫിഷ് ഡ്രയർ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, ഉണക്കമത്സ്യം പാക്ക് ചെയ്യുന്നതിനുള്ള സൗകര്യം, വിപണനത്തിനുള്ള പിന്തുണ എന്നിവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ.

## Trash is Treasure – വളം നിർമ്മാണ സംരംഭം

ജൈവകൃഷി വ്യാപകമായതോടെ സ്വാഭാവിക വളങ്ങൾക്കുള്ള ആവശ്യം വർദ്ധിച്ചിരിക്കുന്നു.കാർഷിക മേഖലയിൽ ഈ ബജറ്റിൽ പുതുതായി പ്രഖ്യാപിച്ച നാളികേര ഗ്രാമം, സുഗന്ധ ഗ്രാമം പദ്ധതികൾക്കും ധാരാളം ജൈവവളംആവശ്യമാണ്.ശുദ്ധമായ ജൈവവളം ലഭിക്കുന്നതിന് ഇപ്പോൾ തന്നെ പ്രയാസം അനുഭവപ്പെടുന്നുണ്ട്. ഈ രംഗത്തും ജില്ലാപഞ്ചായത്ത് ഫലപ്രദമായി ഇടപെടുവാൻ ആഗ്രഹിക്കുകയാണ്. നാം ശാപമായി കരുതുന്ന ജൈവമാലിന്യത്തിൽ നിന്നും വിലയേറിയ വളം ഉൽപാദിപ്പിക്കുവാൻ കഴിയും. ഇപ്രകാരം ചെയ്താൽ അത് മാലിന്യ പ്രശ്നത്തിന് ശാശ്വതമായ പരിഹാരമായിത്തീരും. ജൈവകൃഷി എന്ന സങ്കൽപത്തിന് ഇത് ആക്കം കൂട്ടുകയും ചെയ്യും. സ്ത്രീകളുടെ ഗ്രൂപ്പുകൾക്ക് ജൈവവള നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിക്കായി **10 ലക്ഷം രൂപ** വകയിരുത്തുന്നു. ഇവിടെ ഉത്പാദിപ്പിക്കുന്ന വളം ബ്രാൻഡ് ചെയ്ത് വിപണിയിലെത്തിക്കുവാൻ കഴിയും. ഈ

യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്ന പാക്ക് ചെയ്ത വളം ജില്ലാ പഞ്ചായത്തിൻറെയും ഗ്രാമപഞ്ചായത്തുകളുടെയും വിവിധ കാർഷിക പ്രവർത്തനങ്ങൾക്കായി തിരികെ വിലയ്ക്കു വാങ്ങുന്നു. അങ്ങനെ വളത്തിന് മുൻകൂട്ടി വിപണി ഉറപ്പാക്കുന്നത് മൂലം ഈ പദ്ധതി വിജയപ്രദമായി നടപ്പാക്കുവാൻ കഴിയും.

## **കൈത്തറിക്കൊരു കൈത്താങ്ങ്**

സ്വാതന്ത്ര്യ സമരത്തിൽ ഗാന്ധിജി മുന്നോട്ടുവെച്ച വെച്ച ഏറ്റവും പ്രധാനപ്പെട്ട മുദ്രാവാക്യം ഗ്രാമസ്വരാജ് ആയിരുന്നു കൈതൊഴിലുകളിലൂടെയും കുടിൽ വ്യവസായങ്ങളിലൂടെയും ഗ്രാമങ്ങളെ സ്വയംപര്യാപ്തരാക്കുക എന്നതായിരുന്നു ഗാന്ധിജിയുടെ ആശയം.ഈ ആശയം പ്രചരിപ്പിക്കുന്നതിനായി അദ്ദേഹം ചർക്കയിൽ നൂൽ നൂറ്റി സ്വന്തം വസ്ത്രം നെയ്തെടുത്തു.അങ്ങനെ ചർക്ക സ്വാതന്ത്ര്യ സമരത്തിന്റെയും സ്വയംപര്യാപ്തതയുടെയും പ്രതീകമായി തീർന്നു. നമ്മുടെ ജില്ലയിൽ ഐരാപുരം, ശ്രീമൂലനഗരം എന്നീ

പ്രദേശങ്ങളിൽ പലഭാഗത്തും ഖാദി കൈത്തറി സംരംഭങ്ങൾ ഉണ്ട്. ഇവ കാലപ്പഴക്കത്താലുംകാലോചിതമായ വികസനപ്രവർത്തനങ്ങളുടെ അഭാവത്താലും നാശാവസ്ഥയിലാണ്. നിലവിലുള്ള ഈ സ്ഥാപനങ്ങളെ പുനുരദ്ധരിച്ച് പ്രോത്സാഹിപ്പിക്കുന്നതിനായി കൈത്തറി യൂണിറ്റുകളുടെ യന്ത്രവൽക്കരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി കൈത്തറിക്ക് ഒരു കൈത്താങ്ങ് എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്ക്കരിക്കുന്നു ഇതിനായി **50 ലക്ഷം രൂപ** നീക്കി വയ്ക്കുന്നു. ഈ പദ്ധതി വഴി കൈത്തറി മേഖലയ്ക്ക് ഉണർവ് ഏകുവാനും കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുവാനും സാധിക്കും.

**<u>വ്യവസായ പാർക്ക്</u>**

പുതിയ ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് ഇന്ന് പലരും മുന്നോട്ടു വരുന്നുണ്ട്. എന്നാൽ അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതു മൂലവുംസംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാങ്കേതിക-നിയമതടസ്സങ്ങൾ മൂലവും പലരും പിന്നാക്കം

പോവുകയാണ്. ഈ രംഗത്ത് ക്രിയാത്മകമായി ഇടപെടാൻ ജില്ലാപഞ്ചായത്തിനാകും. പുതിയ വനിതാ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി 'ജില്ലാ പഞ്ചായത്ത് വ്യവസായ പാർക്ക്' എന്ന അതിപ്രധാനമായ പദ്ധതി പ്രഖ്യാപിക്കുന്നു.തൊഴിലില്ലായ്മയ്ക്കും സാമ്പത്തിക മാന്ദ്യത്തിനും വലിയ അളവിൽ പരിഹാരം നൽകുവാൻ ഈ പദ്ധതി സഹായകമാകും എന്നതിൽ സംശയമില്ല. എടയ്ക്കാട്ടു വയലിലെ നിർഭയാ കേന്ദ്രത്തോട് ചേർന്ന് ഇതിന് അനുയോജ്യമായ സ്ഥലം ലഭ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവിടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മറ്റ് പ്രവർത്തനങ്ങൾക്കും ആയി**50 ലക്ഷം രൂപ** നീക്കി വെക്കുന്നു.

## <u>വർക്ക് ഫ്രം നെയ്ബർ ഹുഡ്</u>

ഐടി തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പൂർത്തീകരിച്ച ഗ്രാമങ്ങളിലെ യുവജനങ്ങൾക്ക് സ്വന്തമായിജോലി എന്ന സ്വപ്നം

സാക്ഷാത്കരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് ഒരു പുതിയ പദ്ധതി പ്രഖ്യാപിക്കുന്നു.

വിദേശ രാജ്യങ്ങളിൽ വർഷങ്ങൾക്കു മുമ്പു തന്നെ ജോലികൾ ഔട്ട്സോഴ്സ് ചെയ്യുന്ന രീതി നിലവിൽ വന്നതാണ്. ജീവനക്കാർ ഓഫീസുകളിൽ എത്താതെ അവരെ ഭരമേൽപ്പിക്കുന്ന ജോലികൾ എവിടെ ഇരുന്നും സമയബന്ധിതമായി ചെയ്തു തീർക്കുക എന്നതാണ് ഔട്ട്സോഴ്സിംഗ്. കോവിഡ് 19 മൂലം അടച്ചുപൂട്ടൽ പ്രഖ്യാപിച്ചപ്പോൾ ഇൻഡ്യയിലും ഈ രീതി പല കമ്പനികളും അനുവർത്തിച്ചു വരുന്നുണ്ട്. കമ്പനികളെ സംബന്ധിച്ചിടത്തോളം ഓഫീസ് സ്പേസിന് നൽകേണ്ട കനത്ത വാടകയും മറ്റ് ഓഫീസ് ചെലവുകളും ഒഴിവാക്കാമെന്ന ലാഭം ലഭിക്കുമ്പോൾ ജീവനക്കാർക്ക് സൌകര്യപ്രദമായ സ്ഥലത്തിരുന്ന് സൌകര്യപ്രദമായ സമയത്ത് പ്രവർത്തി ചെയ്യാനുള്ള അവസരം ലഭിക്കുന്നു. ഈ രീതി ജോലിയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്.

ഈ സാഹചര്യം മുതലാക്കി ഐടി മേഖലയിലെ കമ്പനികളുമായി സഹകരിച്ച് അവരുടെ ഔട്ട്സോഴ്സ് ചെയ്യപ്പെടുന്ന ജോലികൾ ചെയ്യുന്നതിനായുള്ള

പ്ലാറ്റ്ഫോമുകൾ ബ്ലോക്ക് തലത്തിൽ ആരംഭിച്ച് യുവതീയുവാക്കൾക്ക് അവിടെയിരുന്ന് ജോലി ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും ഇന്ററർനെറ്റ് ഫെസിലിറ്റിയും ഏർപ്പെടുത്തുന്ന**പദ്ധതിക്കായി10 ലക്ഷം രൂപ** വകയിരുത്തുന്നു.

**<u>ലേബർ ബാങ്ക് – ജില്ലാപഞ്ചായത്ത് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച്</u>**

വിദഗ്ദ്ധ അവിദഗ്ദ്ധ അർദ്ധ വിദഗ്ദ്ധ തൊഴിൽ മേഖലകളിലായി ധാരാളം തൊഴിൽരഹിതർ നമ്മുടെ നാട്ടിലുണ്ട്. ഇതിൽ കൂലിപ്പണിക്കാരും ഉൾപ്പെടും. ഇങ്ങനെയിരിക്കെ തന്നെയാണ് സമയത്തിന് തൊഴിൽ ചെയ്യുന്നതിന് ആളെ കിട്ടാത്ത അവസ്ഥയെക്കുറിച്ച് നാം പരാതി പറയുന്നത്. പലപ്പോഴും ഇത്തരം തൊഴിലുകൾക്കായി നാം അന്യസംസ്ഥാന തൊഴിലാളികളെ ആശ്രയിക്കുന്ന അവസ്ഥയാണുള്ളത്. പ്ലംബിംഗ് വർക്കുകൾ,കെട്ടിട നിർമ്മാണം, പൂന്തോട്ട നിർമ്മാണം, കാർഷിക പ്രവർത്തനങ്ങൾ അറ്റകുറ്റപ്പണികൾ

എന്നിവഉൾപ്പെടെയുള്ള മേഖലകളിൽ തൊഴിൽ ചെയ്യുവാൻ സന്നദ്ധരായവരേയുംഅവരുടെ സേവനം ആവശ്യമുള്ളവരെയും ഒരു ആപ്പ് വഴി ബന്ധിപ്പിക്കുന്ന പദ്ധതിയാണിത്. ഓരോ തൊഴിൽ ചെയ്യുന്നതിനും ലഭ്യമായ ആളുകളുടെ പേര്, ഫോൺ നമ്പർ,വിലാസം, പ്രായം, യോഗ്യത, ലൊക്കേഷൻ, കൂലി / വേതനം ഉൾപ്പടെയുള്ള വിവരങ്ങൾ ആപ്പിൽ ലഭ്യമാക്കുന്നു.സേവനം ആവശ്യമുള്ള ആർക്കും എപ്പോൾ വേണമെങ്കിലും ആപ്പിൽ പ്രവേശിച്ച് ആവശ്യമായ തൊഴിലാളികളെ കോൺടാക്ട് ചെയ്യാവുന്ന തരത്തിലാണ് ആപ്പ് സംവിധാനം ചെയ്യുന്നത്. ആപ്പിന്റെ ഉപയോഗമനുസരിച്ചുള്ള ഫീസ് ജില്ലാ പഞ്ചായത്തിന് ലഭ്യമാകും. അടുത്തുള്ള എൻജിനീയറിങ് കോളേജുകളുടെ സഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിക്കായി**2 ലക്ഷം രൂപ** വകയിരുത്തുന്നു.

**<u>പ്രവാസികൾക്ക് പ്രത്യേക പദ്ധതി</u>**

ഈ അടുത്ത കാലത്ത് എന്റെകണ്ണു നനയിച്ച ഒരു കവിതാശകലം ഞാനിവിടെ കുറിക്കുകയാണ്.

"അക്കരപ്പച്ചതൻ മുറിവിലിറ്റിച്ച
കണ്ണുനീരിൻ തണുപ്പാണ് പ്രവാസം.
ഓരോ ഇടനാഴി തീരുന്നിടത്തെല്ലാം
കാത്തിരിക്കുന്നൊരുണ്ണിയുടെ കിട്ടാ കളിപ്പാട്ട
മധുര മിഠായി തന്നോർമ്മ കരച്ചിലിൻ
നിറ വർണ്ണ പൂക്കളാണീപ്രവാസം

നഷ്ടങ്ങൾ ഒക്കെയും സ്വപ്നങ്ങളായി വന്നു
ദൈന്യമായൊറ്റക്കലറി കരയുമ്പോൾ
സ്വയം കത്തിയെരിയുന്ന ഉത്തരമില്ലാത്ത
സമസ്യക്കുത്തരമാണീ പ്രവാസം"

പ്രവാസ ജീവിതത്തിന്റെ ചൂടും നോവും ഈ കവിതയിൽ പ്രതിഫലിക്കുന്നു.നമ്മുടെ ജില്ലയിലും ധാരാളം പ്രവാസികളും പ്രവാസ ജീവിതത്തിൽ നിന്നും മടങ്ങിയവരും ഉണ്ട്.ഇവരിൽ പലരുടേയും മരുഭൂമിയിലെ ജീവിതം 'ആടു ജീവിതങ്ങൾ' ആയിരുന്നു.വലിയ സ്വപ്നങ്ങൾ കണ്ടു മണലാരണ്യത്തിൽ പണിയെടുത്ത്

മടങ്ങുന്നപലർക്കും പറയാനുള്ളത് മോഹഭംഗങ്ങളുടെയും അവസാനിക്കാത്ത കഥകളാണ്. ഏവർക്കും അറിയുന്നതുപോലെ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ താങ്ങി നിർത്തുന്നതിൽ പ്രവാസികളുടെ അദ്ധ്വാനത്തിന്റെ പങ്ക് വലുതാണ്.കോവിഡ് 19 മൂലവും ഗൾഫുനാടുകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സ്വദേശിവൽക്കരണം മൂലവും പ്രവാസികൾ പലർക്കും തൊഴിൽ നഷ്ടപ്പെടുന്നുണ്ട്. നമുക്ക് വേണ്ടി പൊള്ളുന്ന ചൂടിൽ പണിയെടുത്തു തളർന്ന ഇക്കൂട്ടരെ വേണ്ട വിധത്തിൽ പരിഗണിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.ബജറ്റിൽ നിർദ്ദേശിക്കുന്ന ഫ്ലോട്ടിംഗ് റസ്റ്റോറൻറ്, സ്മാർട്ട് അയണിങ്ങ് യൂണിറ്റ്, ജൈവ വളം നിർമാണ യൂണിറ്റ് തുടങ്ങിയ സ്വയം തൊഴിൽ സംരംഭങ്ങളിൽ 25 ശതമാനം പ്രവാസികൾക്കായി മാറ്റിവയ്ക്കുന്നു.ഇതോടൊപ്പം ജില്ലാപഞ്ചായത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായപാർക്കിൽ പ്രവാസികളായവർക്ക് പ്രഥമ പരിഗണന ഉറപ്പാക്കുന്നതാണ്.കൂടാതെ ഏതെങ്കിലും പ്രവാസികൾ നൂതന ആശയങ്ങളുമായികടന്നു വരുന്ന

പക്ഷം അവർക്കുള്ള മുഴുവൻ പിന്തുണയും ജില്ലാ പഞ്ചായത്ത് നൽകുന്നതാണ്.ഇത്തരത്തിൽ പ്രവാസികളുടെ ക്ഷേമം ഉറപ്പാക്കുന്ന പ്രത്യേക പദ്ധതികൾ നടപ്പാക്കുന്ന ആദ്യ തദ്ദേശ സ്വയംഭരണ സ്ഥാപനമായി നമ്മുടെ ജില്ലാ പഞ്ചായത്ത് മാറുന്നു.

## <u>ഗ്രാമീണ ടൂറിസം മാപ്പിംഗ്</u>

എറണാകുളം ജില്ലയിലെ ഗ്രാമാന്തരങ്ങളിൽ അറിയപ്പെടാതെ കിടക്കുന്ന വിനോദസഞ്ചാര സ്പോട്ടുകൾ കണ്ടെത്തി അവിടെ വികസിപ്പിക്കുന്നതിനും അതിന്റെ ഒരു മാപ്പ് തയ്യാറാക്കുന്നതിനുമായി ജില്ലാ പഞ്ചായത്ത് മുൻകൈയെടുത്ത് ഒരു പദ്ധതി ഏറ്റെടുക്കുന്നു. എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയിലും വനമേഖല, കടൽ, കായലോരങ്ങൾ, നദികൾ എന്നിവയോട് ഓരം ചേർന്ന് കിടക്കുന്ന, ഇതുവരെ ആരാലും ചൂഷണം ചെയ്യപ്പെടാതെ, ശ്രദ്ധിക്കപ്പെടാതെ കിടക്കുന്ന കേന്ദ്രങ്ങളെ കണ്ടെത്തി ടൂറിസം സ്പോട്ടുകൾ വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗരേഖയായി ആയിരിക്കും ഈ പദ്ധതി. വിനോദ

സഞ്ചാര വകുപ്പും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതിൽ പങ്കാളികൾ ആകും. സായാഹ്നങ്ങളിലെ നടപ്പാതകൾ, നാട്ടുകൂട്ടങ്ങൾക്കുള്ള ഇരിപ്പിടങ്ങൾ, ചെറിയ റേഡിയോ സ്റ്റേഷനുകൾ, വഴിവിളക്കുകൾ, നടപ്പാതകൾ എന്നിവ ഒരുക്കി പ്രായമായവർക്കും സ്ത്രീകൾക്കും കുട്ടികൾക്കും സൊറ പറഞ്ഞിരിക്കാൻ ഉള്ള ഇടങ്ങൾ സൃഷ്ടിക്കുകയും ഇതിന്റെ ഭാഗമാണ്. ഇതിൻറെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി **രണ്ട് ലക്ഷം രൂപ** വകയിരുത്തുന്നു.

# സ്ത്രീ സുരക്ഷ

ഈയിടെ ചൂടേറിയ ചർച്ചകൾക്ക് വിഷയമായ രണ്ടു ചിത്രങ്ങൾ ആണ് ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ, ഫ്രീഡം അറ്റ് മിഡ് നൈറ്റ് എന്നിവ. ഈ ചിത്രങ്ങൾ നിങ്ങൾ കണ്ടു കാണും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇല്ലെങ്കിൽ അവ കാണണം. അടുക്കളകളിൽ എരിഞ്ഞടങ്ങുന്നപുരുഷാധിപത്യപരമായ ഒരു

സമൂഹം കൽപ്പിച്ചു നൽകുന്ന സങ്കൽപങ്ങളിൽ കുടുങ്ങിക്കിടക്കുന്ന സമകാലിക സ്ത്രീകളുടെ വ്യഥയാണ് ഈ ചിത്രങ്ങളുടെ കേന്ദ്രബിന്ദു.

"നിവർത്തിവെച്ച കുട മടക്കി /
മഴ തോർന്നിരിക്കുന്നു /
പക്ഷേ കുടയ്ക്ക് നിവർന്നിരിക്കാൻ ആയിരുന്നു ഇഷ്ടം
/
മഴയും വെയിലും
നിവർന്നു കൊള്ളും /
നനവുണക്കാൻ വെയിൽ ചൂടേൽപ്പിക്കും /
നനഞ്ഞ പ്രതലം ചുട്ടുപൊള്ളിക്കും /
പരാതി ഇല്ലല്ലോ /
സൗകര്യപ്രദമായി മടക്കി സൂക്ഷിക്കാം /
അവളുടെ അസ്ഥികൾ ആവിധം നിർമ്മിച്ചിരിക്കുന്നു /
ആവശ്യം വന്നാൽ എടുത്തു നിവർത്താമല്ലോ /
ആവശ്യം വന്നാൽ മാത്രം /
അതുവരെ ആര് ഓർക്കാൻ /
അതു മറന്നു വെക്കും /
നനഞ്ഞ കുട ഒരു ബാധ്യതയാണ് "

ആവശ്യം വരുമ്പോൾ മാത്രം എടുത്തുപയോഗിക്കുകയും അല്ലാത്തപ്പോൾ ഒടിച്ചു മടക്കി ഒളിപ്പിച്ചു വെക്കുകയും ചെയ്യുന്ന ഒരു കുട പോലെ തന്നെയാണ് സ്ത്രീകളുടെ ജീവിതം. അടുക്കളയിൽ തീ ഊതി ഊതി കറുത്തു പോകുന്ന അവളുടെ മുഖം ഒളിപ്പിക്കുന്ന സങ്കടങ്ങൾ ആര് കാണാൻ. വിദ്യാഭ്യാസത്തിന്റെയും നവോത്ഥാനത്തിൻറെയും മേനി പറച്ചിലുകൾക്കപ്പുറം ഇന്നും സ്ത്രീകൾഎല്ലാ രംഗത്തും അവഗണിക്കപ്പെടുകയാണ്.നമ്മുടെ ഭരണഘടന ലിംഗഭേദമില്ലാതെ തുല്യനീതി ഉറപ്പു നൽകുമ്പോഴും സ്ത്രീകൾ മുഖ്യധാരയിൽ നിന്നും ഒഴിവാക്കി നിർത്തപ്പെടുന്നു.'why should boys have all the fun' എന്ന പരസ്യവാചകത്തിൽ തന്നെ സ്ത്രീകളുടെ അവസ്ഥ വ്യക്തമാണ്. ആൺകുട്ടികൾ അനുഭവിക്കുന്ന സ്വാതന്ത്ര്യവും വിനോദോപാധികളും സ്ത്രീകൾക്ക് നിഷേധിക്കപ്പെടുന്നു.

## <u>അപ്പാരൽ പാർക്ക്</u>

സ്ത്രീകൾക്കായുള്ള പദ്ധതികളിൽ ഏറ്റവും സുപ്രധാനമായത് അപ്പാരൽ പാർക്ക് ആണ്.വസ്ത്രനിർമ്മാണം എന്നത് കലാപരമായ ഒരു പ്രവർത്തനമാണ്. തയ്യൽ ജോലികളിൽ താല്പര്യമുള്ള കുടുംബശ്രീ വനിതാ ഗ്രൂപ്പുകൾക്ക് പ്രത്യേക പരിശീലനം നൽകി വസ്ത്ര നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് **20 ലക്ഷം** രൂപ നൽകുന്നു.

ഇതുകൂടാതെ മറ്റ് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന വനിതാ ഗ്രൂപ്പുകൾക്ക് സഹായം നൽകുന്നതിന് **20 ലക്ഷം രൂപ** മാറ്റിവയ്ക്കുന്നു.

ഈ ബജറ്റിൽ മുന്നേ തന്നെ പരാമർശിച്ചിട്ടുള്ളവ്യവസായ പാർക്ക്, ഫ്ലോട്ടിങ്ങ് റസ്റ്റോറൻറ്,വളം നിർമ്മാണ യൂണിറ്റുകൾ, Smart iorning യൂണിറ്റ് എന്നീ പദ്ധതികളും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുന്നു.

## <u>ഷീ ജിം – സ്കൂൾ വിദ്യാർത്ഥിനികൾക്ക് വ്യായാമകേന്ദ്രം</u>

ജില്ലയിലെ കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാരീരിക-മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് സ്കൂളുകളിലെ പെൺകുട്ടികൾക്ക് വ്യായാമ പരിശീലനം നേടുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നു.ആൺകുട്ടികളുടെ ആരോഗ്യത്തിൽ പുലർത്തുന്ന താല്പര്യം പെൺകുട്ടികളുടെ കാര്യത്തിൽ ഉണ്ടാകുന്നില്ലഎന്നത് വസ്തുതയാണ്. ഗ്രാമങ്ങളിൽപോലും ആൺകുട്ടികൾക്ക് ജിം പോലുള്ള സൗകര്യങ്ങൾ ഉള്ളപ്പോൾ പെൺകുട്ടികൾക്ക് വീടുകൾക്കുള്ളിൽ പോലും പരിമിതമായ വ്യായാമത്തിന് പോലും സൗകര്യം ലഭിക്കുന്നില്ല. സ്കൂളുകളിലും മറ്റും നടക്കുന്ന യോഗ പോലുള്ള പരിപാടികൾ ആണ് ഇവർക്ക് ആകെയുള്ള ആശ്രയം. ഇതിന് ഒരു മാറ്റം വരുത്തുന്നതിന് അടച്ചുറപ്പുള്ള സൗകര്യം ലഭ്യമായ സ്കൂളുകളിൽ

ഇടവേളകളിൽ അധ്യാപകരുടെ മേൽനോട്ടത്തിൽ പെൺകുട്ടികൾക്ക് വ്യായാമ പരിശീലനം നൽകുന്നതിന് ആവശ്യമായ ഉപകരണങ്ങളും അടിസ്ഥാനസൗകര്യങ്ങളും നൽകുന്നു.ഇതിനും സ്കൂളുകളിൽ കായിക പരിശീലന ഉപകരണങ്ങൾ നൽകുന്നതിനുമായി **10ലക്ഷം രൂപ** അനുവദിക്കുന്നു.

## പെണ്ണെഴുത്ത്

ഞാൻ ഈ ബജറ്റ് പ്രസംഗത്തിൽചേർത്തിരിക്കുന്ന കവിതകളിൽ ഒരെണ്ണം ഒഴികെ ബാക്കിയെല്ലാം നമ്മുടെ നാട്ടിൻപുറങ്ങളിലെ അറിയപ്പെടാത്ത സാഹിത്യകാരുടേതാണ്.അവരിൽ പലരും സ്ത്രീകളുമാണ്

"Full many a gem of purest ray, serene
The dark unfathom'd caves of ocean bear
Full many a flow'r is born to blush unseen
And waste its sweetness on the desert air"

എന്ന് Thomas Grey പാടിയതുപോലെ സർഗധനരായ ധാരാളം സ്ത്രീകൾ തങ്ങളുടെ പ്രതിഭയെ പ്രകാശിപ്പിക്കാൻ ആവാതെ മണ്മറഞ്ഞു പോവുകയാണ്.അവസരങ്ങൾ ലഭിച്ചിരുന്നുവെങ്കിൽ അവരിൽ പലരും സാഹിത്യലോകത്ത് അത്യന്തം ശോഭയോടെ വിളങ്ങുമായിരുന്നു. അവരുടെ ജന്മവാസനകൾ നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങി പോവുകയാണ് ചെയ്യുന്നത്.ഇത് സാഹിത്യലോകത്തിന് ഉണ്ടാക്കുന്ന നഷ്ടം ചെറുതല്ല.ഇവരുടെ, പ്രത്യേകിച്ച് അധഃസ്ഥിതരും പാർശ്വവൽക്കരിക്കപ്പെട്ടവരും ദരിദ്രരുമായവരുടെ കൃതികൾ സമാഹരിച്ച് പ്രസിദ്ധീകരിക്കുകയാണെങ്കിൽ അത് ഗ്രാമീണമേഖലയിലെ കവയത്രികൾക്ക് വലിയ പ്രചോദനമായി തീരും.അവരിൽ പലരും എണ്ണംപറഞ്ഞ സാഹിത്യകാരികൾ ആയി തീർന്നേക്കാം.മാത്രമല്ല ഈ കാവ്യസമാഹാരം സാംസ്കാരിക കേരളത്തിന് ഒരു മുതൽക്കൂട്ടായി മാറും. ഇപ്രകാരം ജില്ലാ പഞ്ചായത്ത് പ്രസിദ്ധീകരിക്കുന്ന പുസ്തകം സർക്കാർ ഉത്തരവ് സമ്പാദിച്ച കുടുംബശ്രീ യൂണിറ്റുകൾക്കുംതദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ലൈബ്രറികൾക്കുംവിതരണം ചെയ്യുവാൻ കഴിഞ്ഞാൽ അത് പുസ്തക പ്രസിദ്ധീകരണത്തിന് ചെലവഴിക്കുന്ന തുക തിരികെ ലഭിക്കുന്നതിന് ഉപകരിക്കും. പെണ്ണെഴുത്തെന്ന പേരിൽ ജില്ലയിലെ സ്ത്രീ എഴുത്തുകാരുടെ കവിതാസമാഹാരം പ്രസിദ്ധീകരിക്കുന്നതിന് **2 ലക്ഷം രൂപ** വകയിരുത്തുന്നു.

ലിംഗപരമായ അസമത്വം നേരിടുന്നവർക്ക് പ്രത്യേകമായി പദ്ധതികൾ രൂപപ്പെടുത്തുന്നതോടൊപ്പം പൊതു പദ്ധതികളിലും അവർക്ക് കൂടുതൽ പരിഗണ ലഭിക്കുന്ന തരത്തിലാണ്ഈ ബജറ്റിൽ പദ്ധതികൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അപ്രകാരം ഒരു ജെൻഡർ സൗഹൃദ ബജറ്റ് അവതരിപ്പിക്കുവാൻ കഴിയുന്നതിൽ എനിക്ക് ചെറുതല്ലാത്ത അഭിമാനമുണ്ട്.

## <u>വനിതകൾക്കായി ഏറ്റെടുക്കുന്ന മറ്റ് പദ്ധതികൾ</u>

- അഗ്രികൾച്ചറൽ നഴ്സറി – 27 ലക്ഷം
- ആധുനിക കോഫി കിയോസ്ക് – 20 ലക്ഷം
- സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റ് – 10 ലക്ഷം

## <u>നിർഭയ കേന്ദ്രത്തിനുള്ള പ്രത്യേക പരിപാടികൾ</u>

“എനിക്കൊരു കുട ചൂടണമെന്നുണ്ട് /
കുഞ്ഞു ശരീരങ്ങളിലെ /തെളിഞ്ഞു തുടങ്ങാത്ത /
നിമ്നോന്നതങ്ങളിലേക്ക് /ആഴ് ന്നിറങ്ങുന്ന /ചുവന്ന
കാമകണ്ണുകളുടെ / തീചൂടിൽ നിന്നും /
അവരെ ഒളിപ്പിച്ചു പിടിക്കാൻ
കടിച്ചു കീറാനായി ആഞ്ഞടുക്കുന്ന/
കൂർത്ത നഖമുനകളിലും/ ദ്രംഷ്ടകളിലും നിന്ന് /
അവരെ മറച്ചുപിടിക്കാനെങ്കിലും /
എനിക്കൊരു കുട ചൂടണമെന്നു ഉണ്ട്”

കാമഭ്രാന്തന്മാർ കടിച്ചു കുടഞ്ഞ നിഷ്കളങ്ക ബാല്യങ്ങൾ നമുക്ക് തീരാ വേദനയാണ്.തങ്ങളുടേതല്ലാത്ത കുറ്റത്തിന് ജീവിതകാലം മുഴുവൻ നീറി കഴിയേണ്ടി വരുന്നവരാണ് അവർ.ഇത്തരത്തിൽപ്പെട്ട 19 ഓളം പെൺകുട്ടികൾ നമ്മുടെ നിർഭയാ അഭയകേന്ദ്രത്തിൽ ഉണ്ട് . അവർക്ക് പ്രത്യേകമായ കരുതൽ നൽകേണ്ടതും, ആവുന്ന രീതിയിൽ സന്തോഷം നൽകേണ്ടതും നമ്മുടെ കർത്തവ്യമാണ്.ഇരുളടഞ്ഞു പോയ അവരുടെ ജീവിതത്തിൽ ചെറുതിരി വെട്ടം

പരത്തുന്നതിനുള്ള ചില പദ്ധതികൾ ഈ ബജറ്റിൽ ഉൾപ്പെടുത്തുന്നു. നിർഭയാ കേന്ദ്രത്തിലെ പെൺകുട്ടികൾക്ക് വരുമാനമാർഗ്ഗം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സ്വയംതൊഴിൽ പരിശീലനം നൽകി ചെറുകിട സംരംഭങ്ങൾആരംഭിക്കുന്നതിനുള്ള പദ്ധതിക്കും
ഹതഭാഗ്യരായ ഈ പെൺകുട്ടികൾക്ക് മാനസികോല്ലാസം പകരുവാനും വരുമാനം ലഭിക്കുവാനും കോഴി, കാട, അലങ്കാര പറവകൾ,അലങ്കാര മത്സ്യങ്ങൾ എന്നിവ നിർഭയാ കേന്ദ്രം കോമ്പൗണ്ടിൽവളർത്തുന്നതിനുള്ള പദ്ധതിക്കുമായി **20 ലക്ഷം രൂപ** നീക്കി വെക്കുന്നു.

# ശുചിത്വം

## മാലിന്യമുക്ത എറണാകുളം

നാമിന്ന് അഭിമുഖീകരിക്കുന്നഏറ്റവും വലിയ പ്രശ്നമാണ് മാലിന്യം.ഉപയോഗശ്യൂന്യമാകുന്നതും മിച്ചം വരുന്നതുമായ എല്ലാം വഴിയരികിലേക്കും

ജലാശയങ്ങളിലേക്കും വലിച്ചെറിയുക എന്നത് നമ്മുടെ ഒരു ശീലമാണ് - ഈശീലം മാറ്റേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഉത്തരവാദിത്തമില്ലാതെ മാലിന്യം വലിച്ചെറിയുന്നത് പ്രകൃതിയോടും വരും തലമുറയോടും ചെയ്യുന്ന വലിയ ക്രൂരതയാണ്.ഇതോടൊപ്പംതന്നെ ഗൗരവമേറിയതാണ് പ്ലാസ്റ്റിക് മാലിന്യ പ്രശ്നവും.നമ്മുടെ പല പ്രദേശങ്ങളിലൂടെയും മൂക്കുപൊത്താതെ സഞ്ചരിക്കുവാൻ കഴിയാത്ത അവസ്ഥയാണുള്ളത്.അവരവർസൃഷ്ടിക്കുന്ന മാലിന്യം അവരുടെ ഉത്തരവാദിത്വമാണെന്ന് നിയമം അനുശാസിക്കുന്നു.മാലിന്യങ്ങൾ അലക്ഷ്യമായി കയ്യൊഴിയുന്നതു വഴി പൊതുസ്ഥലങ്ങളിൽ മാലിന്യം കുമിഞ്ഞ് കൂടുവാനും രോഗം പടരുവാനും ജീവിതം ദുസ്സഹമായി തീരുവാനും ഇടയാകുമെന്ന് മാത്രമല്ല നമ്മുടെ നാടിൻറെ സൗന്ദര്യത്തിനു മങ്ങലേൽപ്പിക്കുവാനും വഴി വയ്ക്കും. ഇന്ന് മാലിന്യത്തെ ഒരു ശല്യമായല്ല ധനാഗമ മാർഗ്ഗമായാണ് കണക്കാക്കുന്നത്. മാലിന്യംകൈകാര്യം ചെയ്യുന്നതിനെപ്പറ്റിയും കയ്യൊഴിയുന്നതിനെപ്പറ്റിയും

അറിവു പകരുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനും ജില്ലയുടെ എല്ലാ ഭാഗങ്ങളിലും ബോധവത്കരണ ബോർഡുകൾ സ്ഥാപിക്കുക, മാലിന്യത്തിൽ നിന്നും വളം ഉണ്ടാക്കുക, അജൈവ മാലിന്യങ്ങൾ വേർതിരിക്കുന്നതിനും സംസ്കരിക്കുന്നതിനും ഉള്ള സംവിധാനങ്ങൾ സ്ഥാപിക്കുക, എന്നിവയാണ് മാലിന്യമുക്ത എറണാകുളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രധാന പരിപാടികൾ.

ഇതോടൊപ്പം സ്കൂൾ കുട്ടികൾ വഴി അജൈവ മാലിന്യങ്ങൾ ശേഖരിച്ച് അവരുടെ തന്നെ സ്കൂളുകളിൽ സംഭരിക്കുന്നതിനുള്ള ഒരു പദ്ധതിയും നിർദ്ദേശിക്കുന്നു. ഇപ്രകാരം കുട്ടികൾ ശേഖരിച്ച് കഴുകി വൃത്തിയാക്കി കൊണ്ടു വരുന്ന അജൈവ മാലിന്യം ക്ളീൻ കേരള കമ്പനിക്ക് കൈമാറുന്നതിന് അവരുമായി കരാറിൽ ഏർപ്പെടുന്നു. ഇതുവഴി ലഭ്യമാകുന്ന തുക കുട്ടികളുടെ അക്കൌണ്ടുകളിലേയ്ക്ക് നൽകുന്നു. കുട്ടികളിൽ ശുചിത്വ അവബോധം സൃഷ്ടിക്കുവാനും

സമ്പാദ്യശീലം വളർത്തുവാനും ഈ പദ്ധതി ഉപകരിക്കും. ഇതിനായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**<u>Take a Break പ്രോജക്റ്റ്</u>**

വിവിധ ആവശ്യങ്ങൾക്കായി യാത്ര ചെയ്യുന്നവർക്ക് വിശ്രമിക്കുവാനും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുവാനും ഉള്ള സൌകര്യം നമ്മുടെ നാട്ടിൽ നന്നേ കുറവാണ്. ഒരു പരിഷ്കൃത സമൂഹത്തിൽ ഇത്തരം സംവിധാനങ്ങൾ വേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ രംഗത്തും ജില്ലാ പഞ്ചായത്ത് ഒരു ചുവട് വയ്ക്കുകയാണ്. വിവിധ പ്രദേശങ്ങളിൽ ടോയ് ലറ്റ്, വിശ്രമമുറി, കോഫി ഷോപ്പ്, സ്നാക്ക് ബാർ എന്നിവ ഉൾപ്പെടുന്ന Take a Break സംവിധാനം ഒരുക്കുന്നതിന് നിർദ്ദേശിക്കുന്നു. ശുചിത്വ മിഷൻ സഹകരണത്തോടു കൂടി നടപ്പിലാക്കും.

**<u>ശാന്തികവാടം – ആധുനിക ശ്മശാനങ്ങൾ</u>**

മരണപ്പെടുന്നവരെ യഥോചിതം സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത നാം നേരിടുന്ന വലിയ പ്രതിസന്ധിയാണ്. പരമ്പരാഗത രീതിയിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നത് മലിനീകരണത്തിനും പല തരത്തിലുള്ള രോഗവ്യാപനത്തിനും ഇടയാകും. ജില്ലാ പഞ്ചായത്ത് മുൻകൈ എടുത്ത് പല സ്ഥലങ്ങളിലും ആധുനിക വൈദ്യുതി / ഗ്യാസ് ശ്മശാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഗ്രാമ ബ്ളോക്ക് പഞ്ചായത്തുകളുമായി സംയുക്തമായി കടമക്കുടി, മലയൂറ്റൂർ, മുളവുകാട്, വടക്കേക്കര എന്നി പഞ്ചായത്തുകളിൽ ആധുനിക ശ്മശാനം സ്ഥാപിക്കുന്നതിന് **100 ലക്ഷം രൂപ** വകയിരുത്തുന്നു.

# വിദ്യാഭ്യാസം

'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്നാണ് ആപ്തവാക്യം. വിദ്യാസമ്പന്നരായ തലമുറയാണ് നാടിന്

മുതൽക്കൂട്ടാവുന്നത്.നിരന്തരമായ ഇടപെടലുകളിലൂടെയുംഫലപ്രദമായ പ്രവർത്തനങ്ങളിലൂടെയും ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളുടെസൗകര്യങ്ങളുംഗുണനിലവാരവുംഏറെ മെച്ചപ്പെട്ടിട്ടുണ്ട്.എങ്കിലും ആവശ്യങ്ങൾ ഇനിയും ബാക്കി നിൽക്കുകയാണ്. അടുത്ത അഞ്ചുവർഷം കൊണ്ട് സ്കൂളുകളുടെ എല്ലാ അടിസ്ഥാന ആവശ്യങ്ങളും നിറവേറ്റുക എന്നതാണ് ഈ ഭരണ സമിതിയുടെ ലക്ഷ്യം. അതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണിക്ക് **6 കോടി**രൂപയും ഫർണിച്ചർ വാങ്ങുന്നതിന് **45 ലക്ഷം**രൂപയും ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് **10 ലക്ഷം**രൂപയും കായിക വികസനത്തിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും അതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും**10 ലക്ഷം**രൂപയും, ഓഫീസ് ചെലവുകൾക്ക് **25 ലക്ഷം** രൂപയും നീക്കിവെക്കുന്നു.

## വർണ്ണ വസന്തം – വിദ്യാലയ മതിലുകൾ കഥ പറയുന്നു

വിദ്യാഭ്യാസ രംഗത്ത് ഈ വർഷം ഏറ്റെടുക്കുന്ന വ്യത്യസ്തമായ ഒരു പദ്ധതിയാണ് വർണവസന്തം.പൊതുവിദ്യാഭ്യാസ യജ്ഞം നടപ്പാക്കി തുടങ്ങിയതോടെ വിദ്യാലയത്തെ കുറിച്ചുള്ള നമ്മുടെ പരമ്പരാഗത ധാരണ പാടേ മാറിയിരിക്കുന്നു. ഹൈടെക് കെട്ടിടങ്ങൾ നിലവിൽ വന്നതോടെ പഴയ വിരസമായ സ്കൂളുകൾ നിർമ്മാണ കലയുടെ മാതൃകകളായിത്തീർന്നിരിക്കുന്നു. ഇന്ന് മടുക്കുന്ന മനസ്സോടെയല്ല, അത്യധികമായ ഉത്സാഹത്തോടു കൂടിയാണ് കുട്ടികൾ പൊതുവിദ്യാലയങ്ങളിലേയ്ക്ക് എത്തുന്നത്. നമ്മുടെ വിദ്യാലയങ്ങളിൽ ചിത്രകലയിൽ പ്രാവീണ്യമുള്ള ധാരാളം കുട്ടികൾ ഉണ്ട്. അവരുടെ ഭാവനയെ ഉണർത്തുവാനും കലയെ പരിപോഷിപ്പിക്കുവാനും കുട്ടികൾ തന്നെ ഒരുക്കുന്ന ചിത്രകലകൾ വിദ്യാലയ ഭിത്തികളിലും മതിലുകളിലും ആലേഖനം ചെയ്യുന്നതിന് വർണ്ണവസന്തം എന്ന പേരിൽ കലാസാംസ്കാരിക

പ്രവര്‍ത്തനം സ്കൂളുകളില്‍ നടത്തുന്നു. ഈ പദ്ധതിക്ക് **10 ലക്ഷം രൂപ** വക കൊള്ളിക്കുന്നു.

# കായികം-യുവജനക്ഷേമം

നമ്മുടെ കുട്ടികളും യുവാക്കളും പലവിധത്തിൽ കഴിവുകൾ ഉള്ളവർ ആണെങ്കിലും കായികക്ഷമതയിൽ പിന്നിലാണ്. ശാരീരിക അധ്വാനവും ഉയർന്ന കായികക്ഷമതയും വേണ്ട ഫുട്ബോൾ പോലുള്ള കായിക ഇനങ്ങളിൽ നമുക്ക് വേണ്ടത്ര മുന്നേറുവാൻ കഴിയാത്തത് കായികശേഷിയുടെ കുറവുകൊണ്ടാണ്. കായികശേഷിവർദ്ധിപ്പിക്കുന്നതിനായി വ്യായാമം ചെയ്യുന്നതിനോ ചിട്ടയോടെയുള്ള ശാസ്ത്രീയ പരിശീലനം ലഭിക്കുന്നതിനോ ആവശ്യമായ സൗകര്യം നമ്മുടെ നാട്ടിൽ നന്നേ കുറവാണ്.ഇതു ബോധ്യപ്പെട്ടതിനാൽ യുവജനങ്ങൾക്കും

കുട്ടികൾക്കുമായി ഏതാനും പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നു.

## സ്കൂൾ കുട്ടികൾക്കായി നീന്തൽ പരിശീലനം

നമ്മുടെ നാട് ജലാശയ സമൃദ്ധമാണെങ്കിലും കൂടുതൽ പേർക്കും നീന്തൽ വശമില്ല എന്നത് അത്ഭുതകരമാണ്. നീന്തൽ പരിശീലനം ലഭിച്ചാൽ വെള്ളത്തിൽ വീണുള്ള അപകടങ്ങൾ വലിയ പരിധി വരെ കുറയ്ക്കുവാൻ കഴിയും. നീന്തൽ ഫലപ്രദമായ ഒരു വ്യായാമവും ആണ്. ശരീരത്തിലെ ഏതാണ്ട് എല്ലാ അവയവങ്ങൾക്കും നീന്തലിലൂടെ വ്യായാമം ലഭിക്കുന്നു. വെള്ളപ്പൊക്കം പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ നീന്തൽ അറിയാവുന്നവരുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിയും. ദേശീയ അന്തർദേശീയ തലങ്ങളിൽ നടത്തപ്പെടുന്ന മത്സരങ്ങളിൽ പങ്കെടുത്തു വിജയിക്കുവാനും അതുവഴി തൊഴിൽ ലഭ്യത ഉറപ്പാക്കുവാനും നീന്തൽ പരിശീലനം നേടിയവർക്ക് എളുപ്പമാണ്.

ഈ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് നിയന്ത്രണത്തിലുള്ള സ്കൂളുകളിലെ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി പുതിയ പദ്ധതി ഏറ്റെടുക്കുന്നു. ഇതിനായി ജില്ലയിലെ ലഭ്യമായ പൊതു ജലാശയങ്ങളിൽ നീന്തൽ പരിശീലനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി ജില്ലാ അകാട്ടിക് കൌൺസിൽ അംഗീകാരം ഉള്ള നീന്തൽ പരിശീലകൻറെൻറ നേതൃത്വത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നപദ്ധതിക്കായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

**<u>ദ്രോണം പദ്ധതി</u>**.

മണീട് സ്കൂളിലെ കായികതാരങ്ങളുടെ കായികശേഷി ഉയർത്തുന്നതിനായി നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രത്യേക കായിക പരിശീലന പദ്ധതിയാണ് ദ്രോണം. കായികതാരങ്ങളായ ആൺകുട്ടികളേയും പെൺകുട്ടികളേയും പ്രത്യേക ഹോസ്റ്റലുകളിൽ

താമസിപ്പിച്ച് പരിശീലകനെ നിയമിച്ച് കുട്ടികൾക്ക് ആവശ്യമായ പോഷക സമൃദ്ധമായ ഭക്ഷണം നൽകിയും കായിക ഉപകരണങ്ങൾ ലഭ്യമാക്കിയും മികച്ച കായികതാരങ്ങളെ സൃഷ്ടിക്കുന്ന ഈ പദ്ധതി നടപ്പാക്കിയതു വഴി സംസ്ഥാന ദേശീയ തലത്തിൽ സംഘടിപ്പിക്കപ്പെട്ട വിവിധ കായിക മേളകളിൽ ധാരാളം വിജയികളെ സൃഷ്ടിക്കുവാൻ കഴിഞ്ഞു എന്നത് പദ്ധതിയുടെ വിജയമാണ് കാണിക്കുന്നത്. ഇതിൽ ജില്ലാ പഞ്ചായത്തിന് അഭിമാനമുണ്ട്. ഈ വർഷം സ്പോർട്ട്സ് കൌൺസിലുമായി സഹകരിച്ച് മറ്റു സ്കൂളുകളിലേയ്ക്കും ഈ പദ്ധതി വിപുലീകരിക്കുവാൻ ആഗ്രഹിക്കുന്നു. ഇതിലേയ്ക്കായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

## വിദ്യാർഥികൾക്ക് കനോയിങ് കയാക്കിങ് പരിശീലനം

ആരോഗ്യമുള്ള തലമുറയാണ് നാടിന്റെ സമ്പത്ത്.എന്നാൽ കായിക ശേഷിയിൽ നമ്മുടെ കുട്ടികൾ ഏറെ പിന്നിലാണ് കുട്ടികളുടെ കായിക ശേഷിവർദ്ധിപ്പിക്കുന്ന പരിപാടികളുടെ അഭാവമാണ്

ഇതിന് കാരണം.ഈ ന്യൂനത ഒരുപരിധിവരെ പരിഹരിക്കുന്നതിന് ഉപയുക്തമായ പ്രോജക്ട് ആണിത്. ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലെ വിദ്യാർഥികൾക്ക് കൊച്ചിയിലും പരിസരത്തുമുള്ള ശാന്തമായ പുഴകളിലും തടാകങ്ങളിലും കനായിങ്ങ് കയാക്കിംഗ് പരിശീലനം നൽകുന്നു.ഈ രണ്ട് ഇനങ്ങളിലും ദേശീയ അന്തർദേശീയ തലങ്ങളിൽ നിരവധി ഇവന്റുകൾ വർഷംതോറും നടക്കുന്നുണ്ട്.അതിനാൽ ഈ മേഖല ധാരാളം അവസരങ്ങൾ കുട്ടികൾക്ക് തുറന്നുകൊടുക്കുന്നു. ഏതെങ്കിലുമൊരു ഇവന്റിൽ വിജയം നേടാൻ ആയാൽ അവർക്ക് കമ്പനികളിലും ഗവൺമെൻറ് സ്ഥാപനങ്ങളിലും ഉയർന്ന ശമ്പളത്തിൽ ജോലി ലഭിക്കുവാൻ അവസരം ഉണ്ടാകും. അങ്ങനെ ഈ പ്രോജക്ട് വഴി പലർക്കും സാമ്പത്തികഭദ്രത ഉറപ്പാക്കുവാൻ കഴിയും.ഇത്തരം കായിക പരിശീലനങ്ങളിൽ ഏർപ്പെടുന്നത് മൂലം കുട്ടികൾ മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരിക്ക് അടിമപ്പെടുന്നത് തടയുവാനും കഴിയും. പരിശീലകനുള്ള ഓണറേറിയം താമസസൗകര്യം,

കുട്ടികൾക്കുള്ള പോഷക ആഹാരം, പരിശീലനത്തിനാവശ്യമായ ബോട്ട് വാടക എന്നിവ ഉൾപ്പെടെ ഈ പദ്ധതിക്ക് **10 ലക്ഷം രൂപ** നീക്കി വക്കുന്നു.

## ടർഫ് കോർട്ട്

നമ്മുടെ കുട്ടികൾകും യുവജനങ്ങൾക്കും കളിച്ചു വളരുന്നതിന് നല്ല കളിസ്ഥലങ്ങൾ ഉണ്ടാവേണ്ടതുണ്ട്. ജില്ലാ പഞ്ചായത്തിന്റെകീഴിൽ ഉള്ള സ്കൂളുകളിൽ ഫുട്ബോൾ ടർഫ് കോർട്ട് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുക്കുന്നു. ടർഫ് കോർട്ടിന്റെ നടത്തിപ്പും പരിപാലനവും പി.ടി.എ.യ്ക്ക് കൈമാറുന്നു. ടർഫ് കോർട്ട് ഉപയോഗിക്കുന്നതിന് നിശ്ചിത ഫീസ് ഏർപ്പെടുത്തുന്നതാണ്. സ്കൂൾ കുട്ടികൾക്ക് സൌജന്യ നിരക്കിലും പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും ടർഫ് കോർട്ട് ഉപയോഗിക്കാൻ കഴിയും. ഇങ്ങനെ ലഭിക്കുന്ന ഫീസിൻറ 70 ശതമാനം പിടിഎ യ്ക്കും 30 ശതമാനം ജില്ലാ പഞ്ചായത്തിനും ലഭിക്കുന്നതാണ്. പരിശീലനം നേടുന്നതിനും കളിച്ചു വളരുന്നതിനും അന്താരാഷ്ട്ര ഗുണനിലവാരമുള്ള കോർട്ടുകൾ

ലഭ്യമാകുന്നില്ല എന്ന പോരായ്മ പരിഹരിക്കുവാൻ ഈ പദ്ധതി സഹായിക്കും. ഇതുവഴി ജില്ലാ പഞ്ചായത്തിന് ആസ്തി സൃഷ്ടിക്കപ്പെടുകയും അതിൽ നിന്ന് വരുമാനം ലഭിക്കുകയും ചെയ്യുന്നു.ജില്ലാ പഞ്ചായത്ത് വിഭാവനം ചെയ്യുന്ന ഈ പൈലറ്റ് പ്രോജക്റ്റിന് **25 ലക്ഷം രൂപ** നീക്കി വെയ്ക്കുന്നു.

## <u>ലൈബ്രറികൾക്ക് പുസ്തകവും ഫർണിച്ചറും</u>

എറണാകുളം ജില്ലയിലെ ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് പുസ്തകവും ആവശ്യമായ ഫർണിച്ചറുകളും ലഭ്യമാക്കുന്ന പദ്ധതിക്കായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

# സാമൂഹ്യ നീതി

## ഗേഹം – ഭവനരഹിതർക്ക് പാർപ്പിട സമുച്ചയം

വികസന പ്രവർത്തനങ്ങളോടൊപ്പം ക്ഷേമ പദ്ധതികളും നടപ്പിലാക്കിയാൽ മാത്രമേ ദാരിദ്ര്യനിർമാർജനം സാധ്യമാവൂ. സുരക്ഷിതമായവാസസ്ഥലം എന്നത് ഒരാളുടെ സ്വപ്നം മാത്രമല്ല അവകാശം കൂടിയാണ്.ഭവനരഹിതർ ഇല്ലാത്ത ജില്ല എന്ന സങ്കല്പമാണ്ഈ ഭരണസമിതിക്ക്

ഉള്ളത്. സീറോ ലാൻഡ് ലെസ്സ് ജില്ല എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ വിട്ടു നൽകുവാൻ ഏതാനും സുമനസ്സുകൾ തയ്യാറായിട്ടുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും **10 കോടി രൂപ**വായ്പയെടുത്ത് ഇവിടെ ഭവനരഹിതർക്കായി ലൈഫ് ഭവന പദ്ധതിയുമായി ചേർന്ന് ഒരു പാർപ്പിട സമുച്ചയം പണിയാനുള്ളസ്വപ്ന പദ്ധതി ഈ  ഈ വർഷം ഏറ്റെടുക്കുന്നു.

## <u>രാജഹംസം തുടർ പദ്ധതി</u>

ഭിന്നശേഷി വൈകല്യം അനുഭവിക്കുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച മുച്ചക്രവാഹനം നൽകുന്ന പദ്ധതിയാണ് രാജഹംസം. കഴിഞ്ഞ ഭരണസമിതികൾ തുടങ്ങി വച്ച ഈ പദ്ധതി ഈ ഭരണസമിതി തുടരും. ഈ പദ്ധതിയിൽ ഇതുവരെ ആനുകൂല്യം ലഭിച്ചിട്ടില്ലാത്ത അർഹരായ ഗുണഭോക്താക്കൾക്ക് ഈ വർഷം ആനുകൂല്യം ലഭ്യമാക്കും. ഇതുവഴി ഒരു തൊഴിൽ ചെയ്ത് ജീവിക്കുന്നതിന് ആവശ്യമായ സഹായം ആണ് ജില്ലാ പഞ്ചായത്ത് വിഭാവനം ചെയ്യുന്നത്.

ഇതോടൊപ്പം ജൻമനായുള്ള ഭിന്നശേഷി മൂലവും വാർദ്ധക്യം മൂലവും ചലനശേഷി നഷ്ടപ്പെട്ടവർക്ക് ഓട്ടോമേറ്റഡ് വീൽചെയർ നൽകുന്ന പുതിയ പദ്ധതിയും പ്രഖ്യാപിക്കുന്നു.

ഈ രണ്ടു പദ്ധതികൾക്കുമായി **50 ലക്ഷം രൂപ** മാറ്റി വെയ്ക്കുന്നു.

## എച്ച്.ഐ.വി. ബാധിതർക്കുള്ള സഹായം

എറണാകുളം ജില്ലയിലെ എച്ച്.ഐ.വി.ബാധിതർക്ക് പോഷകാഹാരം നൽകുന്നതിന് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തി വരുന്ന പദ്ധതിയാണിത്. ഇതിനായി **30 ലക്ഷം രൂപ** വകയിരുത്തുന്നു.

## മാരിവില്ല് - ട്രാൻസ്ജെൻഡേഴ്സിനുള്ള തൊഴിൽ പരിശീലനം

സ്ത്രീകളെക്കാൾ ദുരിതമനുഭവിക്കുന്ന മറ്റൊരു കൂട്ടരുണ്ട് intersex വിഭാഗത്തിൽപ്പെടുന്നവർ. കേവലം

ജൈവപരമായ കാരണങ്ങളാൽ മാത്രം എണ്ണമറ്റ ദുരിതം പേറുന്നവരാണ് അവർ. സ്വന്തം വീട്ടുകാരാൽ പോലും ഉപേക്ഷിക്കപ്പെടുന്ന ഈ ഹതഭാഗ്യർ എത്തിച്ചേരുന്നത് സാമൂഹ്യവിരുദ്ധരുടെ കൈകളിലാണ്.തെരുവുകളിൽ ഇവർ കൊടിയ ചൂഷണത്തിനു വിധേയരാകുന്നു.പലപ്പോഴും പട്ടിണിയാകുന്നു.ക്രൂരമായി ആക്രമിക്കപ്പെടുന്നു.നിരന്തരംഅപമാനിക്കപ്പെടുന്നു.

"ആരെന്ന് ആരോടും തുറന്നു പറയാതെ/
അമ്മയുടെ ആൺ കിടാവായി/
മീശ പിരിച്ചും മുഷ്ടിചുരുട്ടിയും / നടന്നിരുന്നെങ്കിൽ /
വരേണ്യ ഭൂമിയിൽ മലർന്നു കിടന്ന് /
മൂന്നാം പിറവി എന്നെന്നെ /
ചുരുക്കി വിളിക്കുമായിരുന്നോ / ഇത് മൂന്നാം മുറയല്ലേ
: "

ഒരു സ്ത്രീയെന്ന നിലയിൽ അതിലുപരി ഒരു മനുഷ്യസ്നേഹി എന്ന നിലയിൽ വികലമനസ്സുകളാൽ അപമാനിക്കപ്പെടുകയും

പാർശ്വവൽക്കരിക്കപ്പെടുകയും ചെയ്യുന്ന വിഭാഗങ്ങൾക്ക് നീതി ഉറപ്പാക്കാൻ കഴിയാത്ത ഒരു ബജറ്റ് അർത്ഥശൂന്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ഇക്കൂട്ടർക്ക് പ്രത്യേക പരിഗണന നൽകുന്ന ഒരു ജെൻഡർ ബജറ്റ് ആകണം ഇത് എന്ന് എനിക്ക് നിർബന്ധമുണ്ട്. ഈ നിർബന്ധബുദ്ധിയിൽ നിന്നുംസ്ത്രീകൾക്കും ഇൻററ് സെക്സിനും പ്രത്യേകമായി ഏതാനും പദ്ധതികൾ ഞാൻ ഈ ബജറ്റിൽ ഉൾപ്പെടുത്തുകയാണ്.ഇൻററ് സെക്സിനായി ഒരു സ്വപ്ന പദ്ധതി മുൻ ഭരണ സമിതി നടപ്പാക്കാൻ ശ്രമിച്ചുവെങ്കിലും പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഏറ്റെടുത്ത ആ പദ്ധതി വിജയിച്ചില്ല. പക്ഷേ നിരാശപ്പെട്ടു പിന്നോട്ടു പോകുവാൻ ഞാൻ തയ്യാറല്ല. സമൂഹത്തിന്റെ അരികുപറ്റി ജീവിക്കുന്നവരെമുൻപിലേക്ക് കൊണ്ടുവരിക എന്നത് ശ്രമകരവും ഏറെ ക്ഷമ ആവശ്യമുള്ളതും ആയ പ്രവർത്തിയാണ്. സമൂഹത്തോട് ചേർന്ന് പ്രവർത്തിക്കാൻ അനുവദിക്കപ്പെടാത്തതു മൂലമുണ്ടാകുന്ന തൊഴിലില്ലായ്മയും അതിന്റെ പരിണിതഫലം ആയ പട്ടിണിയും ആണ് ഇൻററ്

സെക്സ് ന്റെ ജീവിതം നരകതുല്യം ആക്കുന്നത്. ഇൻറർ സെക്സ് വിഭാഗത്തിൽപ്പെടുന്ന നൂറോളം പേർ നമ്മുടെ ജില്ലയിൽ ഉണ്ട് എന്ന് കണക്കാക്കിയിരിക്കുന്നു.

ഇവർക്ക് തൊഴിൽ നൈപുണ്യം നൽകി മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുന്നതിനുള്ള പ്രത്യേക പദ്ധതിക്കായി **10 ലക്ഷം** രൂപ മാറ്റിവയ്ക്കുന്നു.

## മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്

മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ചു വരുന്നു. ഇതിനായി **2 കോടി രൂപ** ജില്ലാ പഞ്ചായത്ത് വക കൊള്ളിക്കുന്നു.

## ബഡ്സ് വിദ്യാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള സഹായപദ്ധതി

ഭിന്നശേഷി കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് നടത്തുന്നതിനും

അവരുടെ ഉന്നമനത്തിനും മാനസികോല്ലാസത്തിനും അവരുടെ പരിശീലനത്തിനും ആയി ബഡ്സ് സ്കൂളുകൾ സ്ഥാപിച്ചു വരികയാണ്. ഗ്രാമപഞ്ചായത്തുകൾ ലഭ്യമാക്കുന്ന ഭൂമിയിൽ കെട്ടിടങ്ങൾ നിർമ്മിച്ചു നൽകുന്നതിന് ജില്ലാപഞ്ചായത്ത് പദ്ധതിയിടുന്നു. ഇതിനായി **50 ലക്ഷം** രൂപ വകയിരുത്തുന്നു.

## ജെറിയാട്രിക് കേന്ദ്രം പ്രവർത്തന ആരംഭം

ജീവിത സാഹചര്യങ്ങളും ശൈലിയും മാറിയതോടെ വൃദ്ധജനങ്ങളുടെ ജീവിതം ദുഃഖഭരിതമായിത്തീർന്നിരിക്കുന്നു. പല വീടുകളിലും ശാരീരിക അവശതയുള്ള വൃദ്ധർ നിരാലംബരായി കഴിയുകയാണ്. സമയത്തിന് ഭക്ഷണം കൊടുക്കുവാനോ പരിചരിക്കുവാനോ ആളില്ലാതെ പുഴുവരിച്ച് മരിച്ച വൃദ്ധരുടെ കഥകൾ കേൾക്കുന്നത് അപൂർവ്വമല്ലാതായിരിക്കുന്നു. വാടകവീട്ടിൽ മകൾ വൃദ്ധയെ ഉപേക്ഷിച്ചു പോയ വാർത്ത ഇന്നലെ നാം വായിക്കുകയുണ്ടായി. തൻറെ യൌവ്വനവും ആരോഗ്യവും കുടുംബത്തിനു വേണ്ടി ഹോമിച്ച ഒരു വൃദ്ധൻറ കദനകഥ ടി.വി.കൊച്ചുബാവ

'വൃദ്ധസദന' ത്തിൽ വിവരിക്കുന്നുണ്ട്. സത്യത്തിൽ ആ കഥ ഇന്നത്തെ സമൂഹത്തിനു നേർക്കു പിടിക്കുന്ന കണ്ണാടിയാണ്. വൃദ്ധരോടുള്ള അനുകമ്പയും പരിഗണനയും സംസ്കാരത്തിൻറ ചൂണ്ടുപലകയാണ്. ഒറ്റപ്പെട്ടു കഴിയുന്ന വൃദ്ധരുടെ ആരോഗ്യ പരിരക്ഷയ്ക്കും പരിചരണത്തിനുമായി ആലുവ ആശുപത്രിയോട് അനുബന്ധിച്ച് നിർമ്മിക്കുന്ന ജറിയാട്രിക് സെൻറർ ഈ വർഷം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കുമെന്ന് പ്രഖ്യാപിക്കുന്നു. ഇതിലേയ്ക്കായി **150 ലക്ഷം രൂപ** മാറ്റി വയ്ക്കുന്നു.

## <u>കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷൻപ്രവർത്തന ഫണ്ട്</u>

## <u>ധനസഹായം</u>

സംസ്ഥാനത്തെ അവശത അനുഭവിക്കുന്ന വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന

ആശ്വാസകിരണം, ക്യാൻസർ സുരക്ഷ, താലോലം, ശ്രുതിതരംഗം, സ്നേഹപൂർവ്വം, എന്നീ പദ്ധതികൾക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതമായി **25 ലക്ഷം രൂപ**അനുവദിക്കുന്നു.

## അഭയം പദ്ധതി ലൈഫ് ഭവന നിർമാണ സംയോജിത പദ്ധതി

നമ്മുടെ ജില്ലയിലെ ഭവനരഹിതരും ഭൂരഹിതരും ആയ പാവപ്പെട്ടവർക്ക് തലചായ്ക്കാൻ സ്വന്തമായി ഒരു ഇടം ഒരുക്കുന്ന പാർപ്പിട പദ്ധതി - ലൈഫ്. പൊതുവിഭാഗത്തിനും പട്ടികജാതി-പട്ടികവർഗ വിഭാഗത്തിലുമായി **9 കോടി രൂപ** ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തുന്നു.

## സ്വന്തം... ഏർലി ഇന്ററർവെൻഷൻ സെന്ററർ.....

ആധുനിക കാലഘട്ടത്തിലും ബുദ്ധിപരമായ വൈകല്യമുള്ള കുട്ടികൾ മാതാപിതാക്കൾക്ക് തീരാവേദനയാണ്. ഇത്തരം കുട്ടികളെ പരിചരിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഏറെയാണ്. ഈ സാഹചര്യത്തിൽ ഏർലി ഇന്ററർ വെൻഷൻ

സെന്ററർ എന്ന ആശയത്തിന് വലിയ പ്രാധാന്യമുണ്ട് പഠനങ്ങൾ തെളിയിക്കുന്നത് ഒന്നര മുതൽ മൂന്ന് വയസ്സിനുള്ളിൽ തന്നെ കുട്ടികളിലെ സ്വഭാവ വ്യതിയാനം കണ്ടെത്തിയാൽ 50 ശതമാനത്തിലധികം പ്രശ്നങ്ങൾ പരിഹരിച്ച് സാധാരണ ജീവിതത്തിലേക്ക് അവരെ തിരിച്ചുകൊണ്ടുവരുവാൻ സാധ്യമാകുമെന്നാണ്. കൃത്യമായ തെറാപ്പികൾ ഈ പ്രക്രിയയിൽ വലിയ പങ്കുവഹിക്കുന്ന ഒന്നാണ്. സ്പീച്ച് തെറാപ്പി occupational തെറാപ്പി ബിഹേവിയർ തെറാപ്പി മുതലായ തെറാപ്പികൾ ആണ് കുട്ടികൾക്ക് നൽകേണ്ടത്. എറണാകുളം ജില്ലയിൽ നിലവിൽ സർക്കാർ മേഖലയിൽ  ഇത്തരം സ്ഥാപനങ്ങൾ ഇല്ല. ഏതാനും പ്രൈവറ്റ് സ്ഥാപനങ്ങൾ ഉണ്ടെങ്കിലുംസാധാരണ കുടുംബങ്ങൾക്ക് താങ്ങാൻ കഴിയാത്ത ഫീസാണ് അവർ ഈടാക്കുന്നത്. ഇങ്ങനെയുള്ള കുട്ടികളെ പരിപാലിക്കേണ്ട രീതിയെ കുറിച്ച് ശാസ്ത്രീയമായ അവബോധവും മാർഗ്ഗനിർദ്ദേശവും ഈ സെൻററുകളിൽ ലഭ്യമാവും. എറണാകുളം ജില്ലയിൽ ബിപിഎൽ കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിലും

തെറാപ്പി സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാ പഞ്ചായത്ത്, കുടുംബശ്രീ മിഷൻ, ഗ്രാമ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് എന്നിവ സംയുക്തമായി ഏറ്റെടുക്കുന്ന ഈ പദ്ധതിക്ക് പ്രതിവർഷം30 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ ജില്ലാ പഞ്ചായത്ത് വിഹിതം ആയ **6.60 ലക്ഷം** രൂപ വകയിരുത്തുന്നു.

## വിശപ്പുരഹിത എറണാകുളം

കോവിഡാനന്തര കേരളത്തിൽ കുടുംബശ്രീയുമായി സഹകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിച്ച പദ്ധതിയാണ് വിശപ്പുരഹിത എറണാകുളം. ജനകീയ ഭക്ഷണ ശാലകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷണത്തിന് ഒരാൾക്കുള്ള ഭക്ഷണത്തിന് 5 രൂപ സബ്സിഡി അനുവദിക്കുന്നതിനായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

# പട്ടികജാതി പട്ടിക വർഗ്ഗ- ക്ഷേമം

പാർശ്വവൽക്കരിക്കപ്പെട്ട മറ്റൊരു സമൂഹമാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം. സമൂഹത്തിൽ രൂഢമൂലമായിരുന്ന ജാതിചിന്തയുടേയും വർണ്ണ മേൽക്കോയ്മയുടേയും ഫലമായി മനുഷ്യരായി പോലും പരിഗണിക്കപ്പെടുതിരുന്ന ഇവർ വിദ്യാഭ്യാസപരമായും സാമൂഹികപരമായും സാമ്പത്തികപരമായും പിന്നിലാണ്. കാലങ്ങളായി

സംവരണം തുടരുന്നുണ്ടെങ്കിലും സാമൂഹ്യ ശ്രേണിയിൽ ഇന്നും ഇവരെ താഴ്ന്ന നിലയിൽ പരിഗണിക്കപ്പെടുന്നു. അധഃസ്ഥിതരായ ഈ ജനവിഭാഗത്തെ കൈപിടിച്ചുയർത്തേണ്ടത് അത്യാവശ്യമാണ്. ഏതൊരു ദാരിദ്ര്യോച്ചാടന പരിപാടിയിലും പ്രഥമമായി പരിഗണിക്കേണ്ടത് ഈ വിഭാഗത്തെയാണ്. ഇവരുടെ ക്ഷേമത്തിനുതകുന്ന പ്രത്യേക പദ്ധതികൾ ഈ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ഞാൻ പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

**<u>എൻ താവ് –Tribal Heritge Village</u>**

ജില്ലയിൽ ഏറ്റവും കൂടുതൽ ആദിവാസി ജനത ഉള്ള കുട്ടമ്പുഴ പഞ്ചായത്തിൽവനം വകുപ്പിൻറെ സഹകരണത്തോടെ പട്ടികവർഗ്ഗ ഊരുകളുടെ തനിമ നിലനിർത്തിക്കൊണ്ട് കാടിനോ അവിടുത്തെ ആവാസ വ്യവസ്ഥിതിക്കോ കോട്ടം തട്ടാത്തവിധം പ്രകൃതി സൗഹൃദമായ രീതിയിൽആദിവാസി ഊരുകളുടെസമഗ്ര വികസനംസാധ്യമാക്കുന്ന ഒരു പ്രത്യേക പദ്ധതി ഈ ബജറ്റ്

മുന്നോട്ടുവെക്കുന്നു.ആദിവാസികളുടെ തനത് നിർമ്മാണ രീതി അവലംബിച്ചു കൊണ്ട് പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് വീടുകൾ,മറ്റു കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുക, കൃഷിക്കും അനുബന്ധ ആവശ്യങ്ങൾക്കുമായി ആദിവാസികൾ ഉപയോഗിക്കുന്ന ഉപകരണങ്ങൾ, വാദ്യങ്ങൾ, കരകൌശല വസ്തുക്കൾ എന്നിവ പ്രദർശിപ്പിക്കുന്ന മ്യൂസിയം, ആദിവാസി കലാപരിപാടികൾ അവതരിപ്പിക്കുവാൻ കഴിയുന്ന പ്രകൃതി സൌഹൃദ ഓപ്പൺ തിയേറ്റർ, ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങളും അവർ ഉണ്ടാക്കുന്ന കരകൗശല വസ്തുക്കളും നാടൻ മരുന്നുകളും കുട്ട മുതലായ സാധനങ്ങളും വിൽക്കുന്ന കിയോസ്കുകൾ, സഞ്ചാരയോഗ്യമായ പാതകൾ, വഴിവിളക്കുകൾ, എന്നിവ സ്ഥാപിച്ച് മോഡൽ ആദിവാസി ഗ്രാമം സൃഷ്ടിക്കുന്ന ഈ സ്വപ്ന പദ്ധതിക്കായി **10 ലക്ഷം രൂപ**നീക്കി വെയ്ക്കുന്നു.

## കൌമാരക്കാരായ ആദിവാസിപെൺകുട്ടികൾക്ക് പോഷകാഹാരം

ആദിവാസിപെൺകുട്ടികൾക്ക് കാര്യമായ പോഷകക്കുറവ് ഉള്ളതായി ആരോഗ്യവകുപ്പ് കണ്ടെത്തിയിട്ടുണ്ട്.ഇത് പരിഹരിക്കുന്നതിന് കൗമാരപ്രായക്കാരായ ആദിവാസിപെൺകുട്ടികൾക്ക് അധിക പോഷകഗുണം അടങ്ങിയ ഭക്ഷ്യോത്പന്നങ്ങൾ അംഗൻവാടികൾ വഴി വഴി വിതരണം ചെയ്യുന്നതിന്11 **ലക്ഷം രൂപ**വകയിരുത്തുന്നു.

## വിജയഭേരി - പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയസ് സ്കോളർഷിപ്പ്

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളും ഏജൻസികളും നടത്തുന്ന എല്ലാത്തരം കോഴ്സുകളിലേക്കും യോഗ്യത നേടി പഠനം നടത്തി വരുന്ന എസ് സി. വിദ്യാർത്ഥികൾക്ക് കോഴ്സ് കാലാവധി കഴിയുന്നതു വരെ എല്ലാ വർഷവും സ്കോളർഷിപ്പ് തുക അനുവദിക്കുന്നതിനായി ഏറ്റെടുക്കുന്ന പദ്ധതിയാണിത്. എംബിബിഎസ് - 30000/-, എൻജിനീയറിങ് -25000/-, പോസ്റ്റ് ഗ്രാജുവേഷൻ, ഗവേഷണം - 30000/-, പോളിടെക്നിക് -

20000/- ഇതര കോഴ്സുകൾ- 15000/-ഇപ്രകാരമാണ് ആനുകൂല്യങ്ങൾ നൽകുക. ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിവരുന്ന ഈ പദ്ധതി ഈ വർഷവും തുടരുന്നതിന് **2 കോടി രൂപ** വകയിരുത്തുന്നു.

## പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി പൂർത്തീകരണം

തിരഞ്ഞെടുക്കപ്പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാർത്ഥം വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിനു രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി 2018-19 വർഷം ഏറ്റെടുത്തിരുന്നു. ഗുണഭോക്താക്കളിൽ പലരും നിർമ്മാണം പാതി വഴിയിൽ ആക്കിയിരിക്കുകയാണ്. പഠനമുറി നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കി തുക നൽകുന്നതിന് **50 ലക്ഷം രൂപ** വകയിരുത്തുന്നു.

## ഇ – ഓട്ടോ

ഒരു പഞ്ചായത്തിൽ ഒരു ഗുണഭോക്താവ് എന്ന നിലയിൽ 82 പഞ്ചായത്തിലെ 82 എസ്.സി. യുവജനങ്ങൾക്ക് ഇലക്ട്രോണിക് ഓട്ടോ വാങ്ങുന്നതിന് ധനസഹായം നൽകുന്ന ഒരു പുതിയ പദ്ധതി പ്രഖ്യാപിക്കുന്നു. ഒരു ഓട്ടോയ്ക്ക് 230000/- രൂപയാണ് വില വരുക. ഈ തുക ഗുണഭോക്താവിന് ബാങ്ക് വായ്പയായി ലഭ്യമാക്കുന്നു. ഓട്ടോ വാങ്ങുന്ന മുറയ്ക്ക് ജില്ലാ പഞ്ചായത്ത് ധനസഹായമായി 60000/- രൂപ അനുവദിക്കുന്നു. ഈ കാലഘട്ടത്തിൽ ഏറെ പ്രചാരം ലഭിച്ചിട്ടുള്ള ഇ-ഓട്ടോ ഇന്ധനക്ഷമവും പ്രകൃതി സൌഹൃദവുമാണ്. ഈ പദ്ധതിയ്ക്കായി **50 ലക്ഷം** രൂപ മാറ്റി വയ്ക്കുന്നു.

## മറ്റ് പദ്ധതികൾ

- എടയ്ക്കാട്ടുവയൽ പഞ്ചായത്തിലെ പറപ്പക്കോട് പട്ടികവർഗ്ഗ കോളനി സമഗ്ര വികസനം – 10 ലക്ഷം രൂപ

- പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് നൽകുന്നതിന് 30 ലക്ഷം രൂപ

- പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശ വിദ്യാഭ്യാസം പൂർത്തീകരണം – 50 ലക്ഷം രൂപ
- പട്ടികജാതി യുവാക്കൾക്ക് നൈപുണ്യ വികസനം – 10 ലക്ഷം രൂപ
- ക്ഷീര സാഗരം – എസ്.സി.പി. – 20 ലക്ഷം
- പട്ടികജാതി കോളനികളുടെ സമഗ്ര വികസനം – 2 കോടി 70 ലക്ഷം
- പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതി –2 കോടി 70 ലക്ഷം

# ആരോഗ്യ മേഖല

രോഗവും അതിനോട് അനുബന്ധമായി ഉണ്ടാകുന്ന ചെലവുകളും മനുഷ്യനെ ദാരിദ്ര്യത്തിലേക്കും പട്ടിണിയിലേക്കും തള്ളി വിടുന്നതാണ്.സാമ്പത്തികമായി വളരെ മെച്ചപ്പെട്ട അവസ്ഥയിൽ ഉള്ള ആളുകൾ പോലും രോഗം മൂലം ദരിദ്രരായി തീരുന്ന കാഴ്ച

അപൂർവ്വമല്ല.സാമ്പത്തികമായും ശാരീരികമായും മാനസികമായും വേദന അനുഭവിക്കുന്ന ദീർഘകാല ചികിത്സ ആവശ്യമുള്ള രോഗികൾക്ക് ആശ്വാസം പകരുന്ന ചില പ്രധാന പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിക്കുന്നു.

## സഹായ ഹസ്തം

മാറിയ ജീവിതശൈലി പലവിധ മാരകരോഗങ്ങൾക്കും കാരണമാകുന്നുണ്ട്. നമ്മുടെ നാട്ടിൽ വൃക്ക രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നു. ഡയാലിസിസ് ഉൾപ്പെടെയുള്ള ചികിത്സയ്ക്കും മറ്റും മരുന്നുകൾക്കും ആയി ധാരാളം പണം ചെലവഴിക്കേണ്ടി വരുന്നതോടൊപ്പം മറ്റു ക്ലേശങ്ങളും രോഗിയും കുടുംബവും അനുഭവിക്കുന്നു. കോവിഡ് കാലത്ത് ആശ്വാസം പകരുന്നതിനായിഒരു പദ്ധതി നാം നടപ്പാക്കിയിരുന്നു. എല്ലാ കോണുകളിൽനിന്നും ഈ പദ്ധതി തുടരണം എന്ന ആവശ്യം ഉയർന്നിട്ടുണ്ട്. പദ്ധതി മാർഗരേഖയിൽ ഉൾപ്പെടാത്ത ഈ പദ്ധതി നടപ്പാക്കിയത് സാധൂകരിക്കാൻ പഞ്ചായത്ത് കമ്മിറ്റി സംസ്ഥാന കോ-ഓർഡിനേഷൻ സമിതി യോട്

നടത്തിയ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ട്. നമ്മുടെ ജില്ലയിൽ നിലവിൽ 800 ൽ പരം വൃക്കരോഗികളാണ് ഡയാലിസിസ് നടത്തിവരുന്നത്.ഇവർക്ക് വരുന്ന ചെലവിൽ ആയിരം രൂപ വീതം ആശുപത്രിയുടെ അക്കൗണ്ടിലേക്ക് നൽകുന്ന സഹായഹസ്തം പദ്ധതിക്ക് 2 കോടി 88 ലക്ഷം രൂപ നീക്കി വയ്ക്കുന്നു. പ്രതിമാസം പരമാവധി നാല് ഡയാലിസിസിന് ആണ് ഒരു രോഗിക്ക് ധനസഹായം നൽകുക. ഇതിൽ 750 രൂപയായിരിക്കുംജില്ലാ പഞ്ചായത്ത് വിഹിതം 250 /- രൂപ അതാത് ഗ്രാമപഞ്ചായത്തുകൾ വഹിക്കും. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതി കളുമായി ധാരണയിലെത്തിയിട്ടുണ്ട്.ജില്ലാ പഞ്ചായത്തിൻറെ ഈ മാതൃകാ പദ്ധതി കോർപ്പറേഷനുകളും മുൻസിപ്പാലിറ്റികളും ഏറ്റെടുക്കും എന്ന് പ്രതീക്ഷിക്കുന്നു.

## <u>സാന്ത്വന സ്പർശം</u>

സഹായം അർഹിക്കുന്ന മറ്റൊരു വിഭാഗമാണ് അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർ.

ദീർഘകാല പരിചരണവും ചികിത്സയും ആവശ്യമായ ഇവരെ സഹായിക്കുന്നതിന് സാന്ത്വന സ്പർശം എന്ന പേരിൽ **50 ലക്ഷം** രൂപയുടെ പുതിയ പദ്ധതി പ്രഖ്യാപിക്കുന്നു.

**<u>ഹീമോഫീലിയ ബാധിതരായ കുട്ടികൾക്ക് ചികത്സാ സഹായവും പിന്തുണയും</u>**

നിരന്തര ചികിത്സ ആവശ്യമുള്ള മറ്റൊരു രോഗമാണ് ഹീമോഫീലിയ. ഈ രോഗം ബാധിച്ച കുഞ്ഞു കുട്ടികൾ ഒരു സങ്കട കാഴ്ചയാണ്.കേരളത്തിലെ സർക്കാർ മേഖലയിലെ ഏക ചികിത്സാ കേന്ദ്രമാണ് ആലുവയിലെ ഹീമോഫീലിയ സെൻറർ. വളരെ ചെലവേറിയ ഈ ചികിത്സ നിർദ്ധനർക്ക് താ§mhpന്നതിലും അപ്പുറമാണ്. ഇവർക്ക് ചികിത്സാ സഹായവും പിന്തുണയും നൽകുന്നതിന് **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**<u>ആരോഗ്യമേഖലയിലെ മറ്റ് പ്രധാന പദ്ധതികൾ</u>**

- ക്യാൻസർ മുക്ത എറണാകുളം – 13.5 ലക്ഷം

- ജില്ലാ പഞ്ചായത്ത് ആശുപത്രികൾക്ക് മരുന്നു വാങ്ങൽ – 75 ലക്ഷം
- ആലുവ ജില്ലാ ആശുപത്രി ട്രാൻസ്ഫോർമർ അപ് ഗ്രേഡ് ചെയ്യൽ –20 ലക്ഷം
- ആലുവ ജില്ലാ ആശുപത്രി ചുറ്റുമതിൽ – 30 ലക്ഷം
- ജില്ലാ പഞ്ചായത്ത് ആശുപത്രികൾക്ക് ഓഫീസ് ചെലവുകൾ – 1 കോടി

# സദ്ഭരണം

## ഹരിത കാര്യാലയം – ജില്ലാ പഞ്ചായത്ത് ഓഫീസ് സൗകര്യം മെച്ചപ്പെടുത്തൽ

ഒരു ജനോന്മുഖ സർക്കാരിന്റെ മുഖമുദ്രയാണ് സദ്ഭരണം. സേവന ത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സൗകര്യപ്രദവുംവൃത്തിയുള്ളതുമായ ഓഫീസ് അന്തരീക്ഷം ആവശ്യമാണ്. ജില്ലാ പഞ്ചായത്ത് ഓഫീസിന്റെ സൗകര്യം വർദ്ധനവിനും സൗന്ദര്യവൽക്കരണത്തിനുമായി **15 ലക്ഷം രൂപയുടെ** പദ്ധതി ഏറ്റെടുക്കുന്നു.

ഓഫീസിനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുക, വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുക, ഓഫീസിനകവും കോമ്പൌണ്ടും ഹരിതാഭമാക്കുന്നതിനും സൌന്ദര്യവത്ക്കരിക്കുന്നതിനുമായി പൂന്തോട്ട നിർമ്മാണം, ഫലവൃക്ഷത്തോട്ടം തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുക, ആവശ്യമായ ഉപകരണങ്ങൾ വാങ്ങുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ട പ്രധാന പ്രവർത്തനങ്ങൾ.

## വിവിധ പദ്ധതികൾക്കുള്ള ജില്ലാ പഞ്ചായത്ത് വെബ്സൈറ്റ്

ജില്ലാപഞ്ചായത്ത് ഏറ്റെടുക്കുന്ന ടൂറിസം പദ്ധതി, ഫ്ലോട്ടിംഗ് റസ്റ്റോറൻറ്, കാർഷിക വിപണി,ഓൺലൈൻ മാർക്കറ്റിംഗ്, ലേബർ ബാങ്ക്, എന്നിവയ്ക്കു പുറമേ ജില്ലാ പഞ്ചായത്തിനെ സംബന്ധിക്കുന്ന പദ്ധതിയേതര പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവയുടെ വിവരങ്ങളും തൽസ്ഥിതിയും പൊതുജനങ്ങൾക്ക് വിരൽതുമ്പിൽ

ലഭ്യമാക്കുന്നതിനായി ആവശ്യമായ വെബ്ബ് സൈറ്റുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം ഈ ബജറ്റ് മുന്നോട്ട് വയ്ക്കുന്നു.

## **കുട്ടികൾക്കായുള്ള ജില്ലാ വെബ്പോർട്ടൽ**

കുട്ടികൾക്കായുള്ള ജില്ലാ വെബ്പോർട്ടൽ നിർമ്മിക്കുന്നതിനായി ഒരു സംയുക്ത പദ്ധതി ഏറ്റെടുക്കുന്നു. ഗ്രാമ പഞ്ചായത്ത് നഗരസഭ കോർപ്പറേഷൻ എന്നിവയുടെ വിഹിതം കൂടി ജില്ലാ പഞ്ചായത്തിന് കൈമാറി ഒരു ശിശു സൗഹാർദ്ദ വെബ്സൈറ്റ് രൂപപ്പെടുത്തും.

വെബ് സൈറ്റ് പ്രവർത്തനങ്ങൾക്കായി ആകെ **5 ലക്ഷം രൂപ** വകയിരുത്തുന്നു.

# പശ്ചാത്തല മേഖല

യഥാർത്ഥമായ ദാരിദ്ര്യനിർമാർജനം സാധ്യമാകണമെങ്കിൽ വ്യക്തികളുടെജീവിതനില മെച്ചപ്പെടുന്നതോടൊപ്പംപ്രദേശത്തിന്റെ

വികസനവും സാധ്യമാകണം.മികച്ച ഗതാഗത സൗകര്യങ്ങളും പൊതു സാമ്പത്തിക പുരോഗതിയുടെ പ്രകടമായ അടയാളങ്ങളാണ്. റോഡുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് 64 കോടി രൂപയുടെ പദ്ധതികൾ ഉൾപ്പെടുത്തുന്നു.

പുതിയ റോഡുകളുടെ നിർമ്മാണത്തിന് 1 കോടി രൂപ വകയിരുത്തുന്നു.

പുതിയ പൊതു കെട്ടിടങ്ങളുടെ നിർമ്മാണത്തിനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണിക്കും ആയി 10 കോടി രൂപ നീക്കിവെക്കുന്നു.

## തമ്മനത്ത് ഓഫീസ് കം കൊമേഴ്സ്യൽ ബ്ളോക്ക്

തനത് വരുമാനം വർധിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗം സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാവുക എന്നതാണ്. ജില്ലാ പഞ്ചായത്തിനു കീഴിലുള്ള പല സ്ഥാപനങ്ങളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ കഴിഞ്ഞാൽ വാടക ഇനത്തിൽ ചെലവാകുന്ന വലിയ തുക ലാഭിക്കുവാൻ കഴിയും.

ഇതോടൊപ്പം വാണിജ്യാവശ്യങ്ങൾക്ക് കെട്ടിടമുറികൾ വാടകയ്ക്ക് നൽകുവാനും കഴിയും. തമ്മനത്തു ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥലത്ത് അഞ്ചു നിലകളും സെല്ലാറും ആയി ഒരു ഓഫീസ് വാണിജ്യ സമുച്ചയം ആണ് വിഭാവനം ചെയ്യുന്നത്. താഴത്തെ രണ്ടു നിലകൾ വാണിജ്യാവശ്യത്തിനും മറ്റ് നിലകൾ ജില്ലാ പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനും സൌകര്യം ഒരുക്കുന്നു. നഗര പ്രദേശം ആകയാൽ കെട്ടിട വാടകയിനത്തിൽ പ്രതിവർഷം നല്ല ഒരു തുക സമാഹരിക്കുന്നതിന് സാധിക്കും. ഈ ലക്ഷ്യം മുൻനിർത്തി തമ്മനത്തുള്ള സ്ഥലത്ത് ഒരു ഓഫീസ് കം കൊമേഴ്സ്യൽ ബ്ളോക്ക് നിർമ്മിക്കുന്നതിന് **10 കോടി രൂപ**യുടെ പദ്ധതി നിർദ്ദേശിക്കുന്നു. ഇതിനാവശ്യമായ പണം സർക്കാർ ഗ്യാരൻറിയോടെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## ആദിത്യ കിരണം – സൌരമേൽക്കൂര

വിവിധ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജിനത്തിൽ വലിയ തുകയാണ് വർഷം തോറും

ജില്ലാ പഞ്ചായത്ത് നൽകി വരുന്നത്. ഈ സ്ഥാപനങ്ങളെയെല്ലാം സൌരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുക എന്നതാണ് ഈ ഭരണസമിതിയുടെ ലക്ഷ്യം. വറ്റാത്ത നിറവാർന്ന ഊർജ്ജ ശ്രോതസ്സാണ് സൂര്യൻ. സൂര്യതാപത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി കെ.എസ്.ഇ.ബി. നടപ്പാക്കി വരുന്നുണ്ട്. പല വൻകിട സ്ഥാപനങ്ങളും അവരുടെ ആവശ്യങ്ങൾക്ക് സൌരോർജ്ജമാണ് ഉപയോഗിക്കുന്നത്. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ ഏതാണ്ട് എല്ലാ ഊർജ്ജ ആവശ്യങ്ങളും സൂര്യതാപത്തിൽ നിന്നാണ് നിറവേറ്റുന്നത്. പരമ്പരാഗത ഊർജ്ജ സ്രോതസ്സുകൾ പരിമിതവും മലിനീകരണം ഉണ്ടാക്കുന്നതുമാണ്. സൌരോർജ്ജം അക്ഷയവും പ്രകൃതി സൌഹൃദവുമാണ്. വൈദ്യുതി ഉപയോഗത്തിന് സൌരോർജ്ജം ഉപയോഗിച്ചാൽ പ്രതിവർഷം വലിയ തുക നമുക്ക് ലാഭിക്കുവാൻ സാധിക്കും. ഇതിൻെറ ആദ്യ പടിയായി ആലുവ ജില്ലാ ആശുപത്രിയിൽ സൌരമേൽക്കൂര സ്ഥാപിക്കുന്നതിന് ഈ വർഷം **30 ലക്ഷം** രൂപയുടെ പദ്ധതി ഏറ്റെടുക്കുന്നു.

## കുടിവെള്ളം

എറണാകളം ജില്ലയിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന ധാരാളം മേഖലകൾ ഉണ്ട്. സാമൂഹ്യനീതിയുടെ ഭാഗമായി പാവപ്പെട്ട ജനവിഭാഗങ്ങൾ അവരുടെ അടിസ്ഥാന ആവശ്യമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്ത് പ്രതിജ്ഞാ ബദ്ധമാണ്. വിവിധ കുടിവെള്ള പദ്ധതികൾക്കായി **3.5 കോടി** രൂപ വകയിരുത്തുന്നു.

## ബജറ്റ് സംഗ്രഹം

| | |
|---|---|
| **ആകെ വരവ്** | **180,77,77,682** |

| | |
|---|---|
| (രൂപയിൽ) | |
| ആകെ ചെലവ്(രൂപയിൽ) | 176,82,77,223 |
| നീക്കി ബാക്കി (രൂപയിൽ) | 3,95,00,459 |

# ഉപസംഹാരം

" മലമുകളിലൂടെ നടക്കുമ്പോൾ /
ആകാശം ഇതളിതളുകളായി /
പൊഴിഞ്ഞു വീഴുന്നത് കാണാം
അവിടെ ഞാൻ എന്റെ സ്വപ്നങ്ങളെ /
യഥേഷ്ടം മേയാൻ വിടുകയാണ്. "

ഈ ബജറ്റിൽപറഞ്ഞിരിക്കുന്നത് പലതുംസ്വപ്നങ്ങൾ മാത്രമാണെന്നും ഒന്നും നടപ്പാക്കുവാൻ കഴിയില്ലെന്നും ചിന്തിക്കുന്നവർ ഉണ്ടാകാം.അത്തരം ചിന്തകൾ ഈ ബജറ്റിനുള്ള അംഗീകാരമായി ഞാൻ കണക്കാക്കുന്നു.വന്യമായ സ്വപ്നങ്ങളാണ് മനുഷ്യപുരോഗതിക്ക് അടിസ്ഥാന ശിലയായി നിന്നിട്ടുള്ളത്.അത്തരം ഒരു സ്വപ്നത്തിൽ നിന്നാണ് അവൻ കാട്ടിൽ നിന്നും വളക്കൂറുള്ള

മണ്ണു തേടി നാട്ടിലേക്ക് പുറപ്പെട്ടത്.ജോലിഭാരം കുറയ്ക്കണം എന്നുള്ള അവന്റെ സ്വപ്നങ്ങളാണ് ചക്രത്തിലേക്കും വാഹനത്തിലേക്കും അവനെ എത്തിച്ചത്.രോഗത്തെയും മരണത്തെയും കീഴടക്കാനുള്ള അവന്റെ സ്വപ്നമാണ് വൈദ്യശാസ്ത്രത്തിനു ജന്മം നൽകിയത്. അവന്റെ സ്വപ്നങ്ങൾക്കു ചിറകു മുളച്ച പ്പോഴാണ് വിമാനം ഉണ്ടായത്.അതുകൊണ്ടാണ് 'ഉറക്കംകെടുത്തുന്ന സ്വപ്നങ്ങൾ നിങ്ങൾക്ക് ഉണ്ടാകണമെന്ന്' ഡോ.എ.പി.ജെ.അബ്ദുൽ കലാം നമ്മോട് പറഞ്ഞതും. ഈ നാടിന്റെ വികസനത്തെക്കുറിച്ച്, ഈ നാട്ടുകാരുടെ ക്ഷേമത്തെകുറിച്ച്, ദാരിദ്ര്യം അകറ്റുക എന്ന ഈ ഭരണസമിതിയുടെ കാഴ്ചപ്പാടിനെ കുറിച്ച് ചിന്തിച്ചപ്പോൾ ഉറക്കം കെടുത്തുന്ന ചില സ്വപ്നങ്ങൾഎനിക്കുണ്ടായി. അതിന്റെ ഫലം ആണ് പുതിയ പദ്ധതികൾ നിറഞ്ഞ എന്റെ ഈ കന്നി ബജറ്റ്. എന്റെ മുൻപിൽ രണ്ടു പാതകൾ ഉണ്ടായിരുന്നു. എല്ലാവരും നടന്നു നന്നായി തെളിഞ്ഞു കിടക്കുന്ന സുഗമമായ പാത ഒരു വശത്ത്. ആരും ഒരിക്കലും ഉപയോഗിച്ചിട്ടില്ലാത്ത ഇലകൾ മൂടി കിടക്കുന്ന

മറ്റൊരു പാത മറുവശത്ത്. എനിക്കു വേണമെങ്കിൽ തെളിഞ്ഞു കിടക്കുന്ന ആദ്യത്തെ സുഗമമായ പാത തെരഞ്ഞെടുക്കാമായിരുന്നു.പക്ഷേ ആരും പോകാത്ത വഴിയേ സഞ്ചരിച്ചവരാണ് ചരിത്രം സൃഷ്ടിച്ചിട്ടുള്ളത് എന്ന തിരിച്ചറിവ് എന്നെ ദുർഘടമായ പാത തെരഞ്ഞെടുക്കുവാൻ പ്രേരിപ്പിച്ചു.കടുത്ത പാപമായ ദാരിദ്ര്യത്തിന്റെ സൂചകങ്ങളെ ഇല്ലായ്മ ചെയ്യുവാൻ, വേദനിക്കുന്നവർക്ക് കൈത്താങ്ങ് ആകുവാൻ ഞാൻ ഈ ബജറ്റിൽ മുന്നോട്ടുവയ്ക്കുന്ന പദ്ധതികൾ വെല്ലുവിളികൾ നിറഞ്ഞതാണ്. 'When you want something, all the universe conspire in helping you to achieve it' നിങ്ങൾ ഒരു ലക്ഷ്യം മുന്നിൽ കാണുകയും ഏതു പ്രതിബന്ധത്തിലും,വിട്ടുവീഴ്ചയില്ലാതെനിശ്ചയദാർഢ്യ ത്തോടു കൂടിഅതിനായി പരിശ്രമിക്കുകയും ചെയ്താൽ ലോകത്തിലെ എല്ലാ ശക്തികളും പ്രകൃതിയും നിങ്ങളുടെവിജയത്തിന് കൂടെ നിൽക്കും എന്ന് ആൽക്കെമിസ്റ്റ് എന്ന നോവലിൽ പൗലോslmbvtem പറയുന്നുണ്ട്. ഞാനും ആ വിശ്വാസക്കാരിയാണ് .ഒരേ മനസ്സോടുകൂടി ഈ ഭരണസമിതിയും ജീവനക്കാരും കൂട്ടായി പ്രവർത്തിക്കുകയാണെങ്കിൽ ഈ ബജറ്റ്

മുന്നോട്ടുവെക്കുന്ന ലക്ഷ്യത്തെ സാക്ഷാത്ക്കരിക്കാൻ നമുക്ക് കഴിയും.അങ്ങനെ ഒരു പുതു ചരിത്രത്തിന്റെ ആരംഭം കുറിക്കുന്നതിനായി നിങ്ങളുടെ അംഗീകാരത്തിന് ഈ ബജറ്റ് ഞാൻ ജനസമക്ഷം സമർപ്പിക്കുന്നു.

**2021 ആണ്ട് ഫെബ്രുവരി മാസം 16 ചൊവ്വാഴ്ച**

**ഷൈനി ജോർജ്ജ്**
**വൈസ് പ്രസിഡൻറ്**
**എറണാകുളം ജില്ലാ പഞ്ചായത്ത്**

## നന്ദി

*എറണാകുളം ജില്ലയിലെ ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും*

*ജീവനോപാധികളുടെ നിലനിൽപ്പിനും ഉന്നതിക്കുമായി എറണാകുളം ജില്ലാ പഞ്ചായത്തിന്റെ പ്രതിബദ്ധത അതിന്റെ ആദ്യത്തെ ബജറ്റിലൂടെ സാക്ഷാത്കരിക്കപ്പെട്ടുകയാണ്..... വികസനം സാമൂഹ്യനീതിക്കും സുരക്ഷയ്ക്കും എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്... ഈ ബജറ്റിൻറെ പൂർണതയ്ക്കായി, സാക്ഷാത്കാരത്തിനായി പ്രയത്നിച്ച എല്ലാവർക്കും ഒറ്റവാക്കിൽ നന്ദി രേഖപ്പെടുത്തുന്നു. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിക്ക് എന്റെ ഈ കന്നി ബഡ്ജറ്റ് ഒരു മികച്ച തുടക്കവും മാർഗ്ഗനിർദ്ദേശവും ആയിത്തീരും എന്നതിൽ എനിക്ക് ഉറപ്പുണ്ട് .....*

*സംതൃപ്തിയോടെ.........*

*നന്ദി ........*

# 2021 ആണ്ട് ഫെബ്രുവരി മാസം 16 ചൊവ്വാഴ്ച

ഷൈനി ജോർജ്ജ്
വൈസ് പ്രസിഡൻറ്
എറണാകുളം ജില്ലാ പഞ്ചായത്ത്